# ദി ഡിഫെൻഡർ

Vol. No. 11 Issue No. 1 RNI Reg. No. 68089 / 97 Published From Perumbavoor 2008 January 1 Price: Rs.100/- P.A.


# റ്റി.എസ്.ബാലൻ മോനായിക്ക് വക്കീൽ നോട്ടീസ് അയച്ചു

റ്റി.എസ്.ബാലനെതിരെ വ്യാജവാർത്ത പ്രസിദ്ധീകരിച്ച് മാനഹാനി ഉണ്ടാക്കിയതിന് നഷ്ട പരിഹാരം ആവശ്യപ്പെട്ട് സുഭാഷിതം എഡിറ്ററായ സി.പി.മോനായിക്ക് റ്റി.എസ്.ബാലൻ വക്കീൽ നോട്ടീസ് അയച്ചു. സുഭാഷിതത്തിന്റെ 2007 ഡിസംബർ ലക്കത്തിന്റെ ഒന്നാം പേജിലാണ് റ്റി. എസ്.ബാലനെ അപമാനിക്കുന്ന വാർത്തയുള്ളത്.

''സൈബർ കേസ്സ് അപ്പീൽ വാദം തുടങ്ങി'' എന്ന തലക്കെട്ടിൽ മോനായി പ്രസിദ്ധീകരിച്ച വാർത്തയുടെ അവസാനം ഇപ്രകാരം എഴുതിയിരിക്കുന്നു: ''ഹൈന്ദവ സമുദായത്തിൽ നിന്നും പെന്തക്കോസ്തിൽ വന്ന ടി.എസ്.ബാലകൃഷ്ണൻ ടി.എസ്. ബാലൻ എന്ന പേരിൽ ശാരോൻ ഫെലോഷിപ്പ് സഭയുടെ പാസ്റ്ററായി പ്രവർത്തിച്ചു വന്നിരുന്നു. അച്ചടക്ക ലംഘനത്തിന് സഭയിൽ നിന്നും പുറത്താക്കപ്പെട്ടതിനു ശേഷം പെന്തക്കോസ്തു സഭാ നേതാക്കൻമാർക്കെതിരെ വ്യാജ കഥകളും അശ്ലീലങ്ങളും പ്രചരിപ്പിച്ച് സുവിശേഷീകരണത്തിനു തടസ്സം സൃഷ്ടിക്കയാണ് ഇപ്പോൾ ചെയ്യുന്നത്''.

റ്റി.എസ്.ബാലനെ അപമാനിക്കുക എന്ന ഏക ഉദ്ദേശ്യത്തോടെ കെട്ടിച്ചമച്ചുണ്ടാക്കിയ വ്യാജവാർത്തയാണിത്. ഡിഫെൻഡർ പ്രസിദ്ധീകരിക്കാൻ ആരംഭിച്ചത് 1997 ഡിസംബറിലാണ്. ആദ്യ ലക്കം മുതൽ പെന്തക്കോസ്തിലെ കള്ളൻമാർക്കെതിരെ ഡിഫെൻഡർ പ്രതികരിച്ചുതുടങ്ങി. അത് ഇന്നും തുടരുന്നു.

പെന്തക്കോസ്ത് നേതാക്കൻമാരുടെ കൊള്ളരുതായ്മകൾക്കെതിരെ ഡിഫെൻഡർ കഴിഞ്ഞ പത്തു വർഷമായി പ്രതികരിക്കുന്നുണ്ടെങ്കിലും മോനായി ആരോപിക്കുന്നതുപോലെ വ്യാജ കഥകൾ ഒരിക്കലും പ്രസിദ്ധീകരിച്ചിട്ടില്ല. ഡിഫെൻഡറിനെതിരെ ഒരു പെന്തക്കോസ്ത് നേതാവും മാന നഷ്ടത്തിന് കേസ്സ് കൊടുക്കാൻ ധൈര്യപ്പെടാത്തത് ഈ കാരണത്താലാണ്. മാത്രമല്ല ഡിഫെൻഡറിൽ അശ്ലീലമുണ്ടെങ്കിൽ പോലീസ് കേസ്സ് എടുക്കുമായിരുന്നു.

റ്റി.എസ്.ബാലനെ സഭയിൽ നിന്നും പുറത്താക്കിയെന്ന ആരോപണം പച്ചക്കള്ളമാണ്. 1994-2001 കാലത്ത് റ്റി.എസ്. ബാലൻ ശാരോൻ ഫെലോഷിപ്പിലെ പാസ്റ്ററായിരുന്നു. സെറാപൂർ സെനറ്റ് നടത്തുന്ന ഡി.മിൻ കോഴ്സിൽ ചേർന്നു പഠിക്കാനായി 2001 മെയ് മുതൽ സഭാശുശ്രൂഷയിൽ നിന്നും അവധിയെടുത്തു. ഒരു വർഷം കഴിഞ്ഞാണ് ഇന്റർനെറ്റ് കേസ്സ് ഉണ്ടായത്. അവധിയെടുത്തതിനുശേഷം പെരുമ്പാവൂരിൽ താമസമാക്കി. അന്നുമുതൽ പെരുമ്പാവൂർ ശാരോൻ ഫെലോഷിപ്പിലെ അംഗമായിരിക്കുന്നു. റ്റി.എസ്.ബാലനെ ആരും സഭയിൽ നിന്നു പുറത്താക്കിയിട്ടില്ല. സംശയമുള്ളവർ സഭയുടെ പാസ്റ്ററായ ഏബ്രഹാം ജോസഫിനോടു ചോദിക്കുക. ഫോൺ: 9447363255.

അച്ചടക്ക ലംഘനത്തിനു സഭയിൽ നിന്നു പുറത്താക്കപ്പെട്ടവനാണ് ബാലൻ എന്ന വ്യാജം പ്രചരിപ്പിച്ച് ബാലന് മാനഹാനിയുണ്ടാക്കിയതിന് നഷ്ടപരിഹാരം ആവശ്യപ്പെട്ട് സുഭാഷിതത്തിന്റെ എഡിറ്ററായ സി.പി.മോനായി, പത്രം പ്രിന്റ് ചെയ്യുന്ന ദർശനാ ഓഫ്സെറ്റ്, ടൈപ്സെറ്റ് ചെയ്യുന്ന ഗ്ലോബൽ കമ്പ്യൂട്ടേഴ്സ് എന്നിവർക്കാണ് റ്റി.എസ്.ബാലൻ വക്കീൽ നോട്ടീസ് അയച്ചിരിക്കുന്നത്.

## ഡിഫെൻഡർ കാണാതായ സംഭവം: അന്വേഷണം പുരോഗമിക്കുന്നു

തിരുവല്ല ആർ.എം.എസ്സിൽ നിന്നും ഡിഫെൻഡർ കാണാതായ സംഭവത്തേക്കുറിച്ചുള്ള അന്വേഷണം പുരോഗമിക്കയാണ്. കുറ്റവാളികൾ ഏറെ താമസിയാതെ പിടിയിലാകുമെന്ന് പ്രതീക്ഷിക്കുന്നു.

ഡിഫെൻഡറിന്റെ 2007 ഒക്ടോബർ 16 ലക്കം പത്തനംതിട്ട ജില്ലയിലുള്ള ആർക്കും യഥാസമയം ലഭിച്ചില്ല. മറ്റു ജില്ലകളിലുള്ള വരിക്കാർക്ക് ലഭിക്കയും ചെയ്തു. എന്താണ് സംഭവിച്ചതെന്നറിയാനായി നടത്തിയ പ്രാഥമിക അന്വേഷണത്തിൽ നിന്ന് പ്രശ്നം ഏറെക്കുറെ വ്യക്തമായി. തിരുവല്ലയിലുള്ള ചില വ്യാജ പാസ്റ്റർമാരുടെ പ്രേരണമൂലം തിരുവല്ല ആർ.എം.എസ്സിലുള്ള ചിലർ ഡിഫെൻഡറിന്റെ കെട്ട് മോഷ്ടിക്കയാണ് ചെയ്തത്.

ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചില്ലെങ്കിൽ ഭാവിയിലും ഇങ്ങനെയുള്ള സംഭവങ്ങൾ ആവർത്തിക്കും. അതുകൊണ്ട് ഡിഫെൻഡർ പോസ്റ്റൽ അധികാരികൾക്ക് പരാതി നൽകി. പോസ്റ്റൽ ഡിപ്പാർട്ട്മെന്റ് ഈ സംഭവം അർഹിക്കുന്ന ഗൗരവത്തിൽതന്നെ എടുത്തു. നിയമാനുസൃതമുള്ള അന്വേഷണം പുരോഗമിക്കയാണ്. അതുകൊണ്ട് കുറ്റവാളികൾ കുടുങ്ങും എന്നതിന് സംശയമില്ല.

റ്റി.എസ്.ഏബ്രഹാമിന്റെ കലാപരിപാടികളേക്കുറിച്ച് വിവരിച്ചുകൊണ്ട് ആറു വർഷം മുൻപു പ്രസിദ്ധീകരിച്ച ഡിഫെൻഡറും പത്തനംതിട്ട ജില്ലയിലുള്ള വരിക്കാർക്ക് ലഭിച്ചില്ല. അന്നും പത്രം നഷ്ടമായത് തിരുവല്ല ആർ.എം.എസ്സിൽ തന്നെയായിരുന്നു. എങ്കിലും തികച്ചും അപ്രതീക്ഷിതമായുണ്ടായ സംഭവമാകയാൽ കുറ്റകൃത്യം തെളിയിക്കാനാവശ്യമായ തെളിവുകൾ ഹാജരാക്കാൻ കഴിഞ്ഞില്ല. എന്നാൽ ഇത്തരത്തിലുള്ള സംഭവം ആവർത്തിക്കുമെന്ന് പ്രതീക്ഷിച്ചിരുന്നതിനാൽ ഇത്തവണ എല്ലാവിധ തെളിവുകളും ഡിഫെൻഡറിന്റെ കൈവശമുണ്ട്. അവ ഡിപ്പാർട്ട്മെന്റിന് കൈമാറിയിട്ടുമുണ്ട്.

# ഡിഫെൻഡർ ഇനി ഇംഗ്ലീഷിലും

ഡിഫെൻഡർ 11-ാം വയസ്സിലേക്കു കടന്നതിന്റെ ഭാഗമായി ഇംഗ്ലീഷ് എഡിഷൻ ആരംഭിക്കയാണ്. തൽക്കാലം ഇന്റർനെറ്റ് എഡിഷൻ മാത്രമാകും ഉണ്ടാകുക. ഡിഫെൻഡറിന്റെ വെബ്സൈറ്റായ www.tsbalan.comൽ തന്നെ ഇംഗ്ലീഷ് എഡിഷനും ലഭിക്കും.

ഡിഫെൻഡറിലുള്ള പ്രധാന വാർത്തകൾ മാത്രമാകും പ്രാരംഭത്തിൽ ഉണ്ടാകുക. പിന്നീട് ഡിഫെൻഡർ പൂർണ്ണമായി ഇംഗ്ലീഷിൽ പ്രസിദ്ധീകരിക്കുന്നതാണ്. കൂടാതെ, ഡിഫെൻഡറിന്റെ മലയാളം എഡിഷനിൽ പ്രസിദ്ധീകരിക്കാത്ത വാർത്തകളും ലേഖനങ്ങളും ഉൾപ്പെടുത്താനും പദ്ധതിയുണ്ട്. മലയാളം അറിഞ്ഞുകൂടാത്ത മലയാളികൾക്കും ഇംഗ്ലീഷുകാരായ വിദേശികൾക്കും വ്യാജസുവിശേഷകരേക്കുറിച്ചും ദുരുപദേശങ്ങളേക്കുറിച്ചും മുന്നറിയിപ്പു കൊടുക്കുകയാണ് ഇംഗ്ലീഷ് എഡിഷന്റെ മുഖ്യലക്ഷ്യം.

പത്തു വർഷം മുൻപ് ഡിഫെൻഡർ പ്രസിദ്ധീകരണം ആരംഭിച്ചതുമുതൽ ഡിഫെൻഡറിനെ തകർക്കാൻ ഇരുട്ടിന്റെ ശക്തികൾ പ്രവർത്തിച്ചു വരുകയാണ്. അന്ധകാരത്തിന്റെ ശക്തികൾ വിജയിച്ചു എന്നു തോന്നിപ്പോകുന്ന നിരവധി സന്ദർഭങ്ങൾ ഉണ്ടാകുകയും ചെയ്തു. പക്ഷേ ഓരോ പ്രശ്നങ്ങൾ കഴിയുമ്പോഴും ഡിഫെൻഡർ വളരുകയാണ് ചെയ്തത്. ടാബ്ലോയിഡ് വലിപ്പത്തിൽ മാസത്തിൽ ഒരിക്കൽ നാലു പേജുകൾ മാത്രമുള്ള പത്രമായിരുന്നു ഡിഫെൻഡർ ആദ്യകാലങ്ങളിൽ. എന്നാൽ ഇന്റർനെറ്റ് കേസ്സ് ഉണ്ടായതോടെ ഡിഫെൻഡർ 16 പേജുള്ള പത്രമായി വളർന്നു. 2004 മുതൽ ഡിഫെൻഡർ ദ്വൈവാരികയാകുകയും ചെയ്തു. ഇപ്പോൾ ഇംഗ്ലീഷ് എഡിഷനും ആരംഭിക്കുന്നു. കൂടാതെ, ഡിഫെൻഡറിന് ഇപ്പോൾ ഇന്റർനെറ്റ് റേഡിയോയുമുണ്ട്. ഡിഫെൻഡറിന്റെ ഇന്റർനെറ്റ് എഡിഷന് ആയിരക്കണക്കിനു വായനക്കാരുണ്ട്. പലപ്പോഴും ബാന്റ്വിഡ്ത്ത് തികയാതെ വരുകപോലും ചെയ്യുന്നു. പെന്തക്കോസ്തിലെ കള്ളൻമാരെ തിരിച്ചറിയാൻ ലോകമെമ്പാടുമുള്ള ദൈവമക്കൾ ആശ്രയിക്കുന്ന ഏക പത്രം ഡിഫെൻഡറാണെന്നതും ശ്രദ്ധേയമാണ്.

# സ്റ്റാൻലി സൈമൺ അപകടകാരി

വിസ തട്ടിപ്പിലൂടെ നിരവധി ദൈവദാസൻമാരെ കബളിപ്പിച്ച സ്റ്റാൻലി സൈമണേക്കുറിച്ച് ഡിഫെൻഡറിൽ പ്രസിദ്ധീകരിച്ച വാർത്ത വായിച്ച പലരും ഈ കള്ളന്റെ വീരകഥകൾ അറിയിക്കയുണ്ടായി. വിസ തട്ടിപ്പു മാത്രമല്ല വ്യാജ ഡിഗ്രി തട്ടിപ്പ് ഉൾപ്പെടെ തട്ടിപ്പിന്റെ എല്ലാ മേഖലകളിലും സ്റ്റാൻലി മികവു തെളിയിച്ചിട്ടുള്ളതായി അറിയാൻ കഴിഞ്ഞു.



ഏതാനും മാസങ്ങൾക്കു മുൻപ് ഹാലേലൂയ്യാ ദ്വൈവാരികയിൽ ''പാലക്കാട്ടെ വ്യാജ ഡോക്ടർ'' എന്ന തലക്കെട്ടോടെ ഒരു ലേഖനം വന്നിരുന്നു. പക്ഷേ സ്റ്റാൻലി സൈമൺ എന്ന പേരിനു പകരം ഡോ. സ്റ്റീഫൻ ജോൺ എന്ന സാങ്കല്പിക നാമമായിരുന്നു അതിൽ ഉപയോഗിച്ചിരുന്നത്. അതുകൊണ്ട് വായനക്കാർക്ക് ഈ വ്യാജനെ തിരിച്ചറിയാൻ കഴിഞ്ഞില്ല. സ്റ്റാൻലിയേക്കുറിച്ച് ഡിഫെൻഡർ എഴുതിയശേഷമാണ് സ്റ്റീഫൻ ജോൺ എന്നത് സ്റ്റാൻലിതന്നെയാണെന്ന് അറിഞ്ഞത്. ഈ ലേഖനത്തിൽ നിന്നും ചില ഭാഗങ്ങൾ ഉദ്ധരിക്കാം:

''ഒറ്റപ്പാലം റെയിൽവേ സ്റ്റേഷനു സമീപം ഒരു ബഹുനില മന്ദിരത്തിന്റെ മുകളിലത്തെ നിലയിൽ 25ൽ അധികം കമ്പ്യൂട്ടറും അതിലേറെ ജീവനക്കാരും ഒത്തൊരുമയോടെ പണിയെടുത്തു നടത്തുന്ന ഡോക്ട്രേറ്റ് കടയിൽ സെറാപൂർ, എ.റ്റി.എ തുടങ്ങി ഭാരതത്തിലും വിദേശത്തുമുള്ള ഏതു തിയോളജിക്കൽ അക്രെഡിറ്റിംഗ് ഏജൻസിയുടേയും ബി.റ്റി.എച്ച് മുതൽ ഡോക്ട്രേറ്റ് വരെയുള്ള ഏതു ബിരുദവും റെഡി. ബിരുദത്തിന്റെ കനം അനുസരിച്ച് ഫീസ് നിരക്കിൽ വ്യത്യാസം വരും. ഗൗൺ അണിഞ്ഞ ചിത്രം തല വെട്ടിക്കയറ്റി കമ്പ്യൂട്ടർ പ്രിന്റ് എടുത്തു നൽകും...... ഇന്നു സമൂഹത്തിൽ അറിയപ്പെടുന്ന പലരും പാലക്കാടു ഡോക്ട്രേറ്റുകാരാണ്. ഇതിൽനിന്ന് പ്രചോദനം ഉൾക്കൊണ്ട് തിരുവനന്തപുരത്തും ഒരാൾ ഡോക്ട്രേറ്റ് വ്യവസായം നടത്തുന്നുണ്ട്.

ഡോക്ട്രേറ്റ് മാത്രമല്ല തട്ടിപ്പിന്റെ മാദ്ധ്യമമായി പാലക്കാടൻ ഡോക്ടർ ഉപയോഗിച്ചു വന്നത്. കാനഡ, സിങ്കപ്പൂർ തുടങ്ങിയ രാജ്യങ്ങളിലേക്ക് വിസിറ്റിംഗ് വിസ നൽകുന്നു എന്ന് പ്രമുഖ ദിനപ്പത്രങ്ങളിൽ പരസ്യം നൽകുകയാണ് ഒരു വിദ്യ. ബിരുദ വിപണിക്കു വച്ച വിലാസമായിരിക്കില്ല ഇത്തവണ. ഫെയ്ത്ത് ഇന്ത്യാ, ഹോപ്പ് ഇന്ത്യാ തുടങ്ങി ലേബലുകൾ മാറ്റി പരീക്ഷിക്കും. ടിക്കറ്റിനും വിസക്കുമായി നൽകിയ അഡ്വാൻസ് തുക ലഭിച്ചാലുടൻ രണ്ടാഴ്ചയ്ക്കകം കസ്റ്റമർ തയ്യാറായിരുന്നുകൊള്ളണം.

രണ്ടാഴ്ചയ്ക്കുള്ളിൽ ഡോക്ടർ വിളിക്കും. നിങ്ങളുടെ ഫോണിനെന്തോ തകരാറാണെന്നു തോന്നുന്നല്ലോ. ഞാൻ പലയാവർത്തി വിളിച്ചു. കിട്ടുന്നില്ല. ഒരു ബാച്ച് ഇന്നു വെളുപ്പിന് വണ്ടികയറി. സാരമില്ല. ഒരു മാസത്തിനുള്ളിൽ അടുത്ത ബാച്ച് പോകുന്നുണ്ട്. ഇങ്ങനെ അഞ്ചാറു തന്ത്രങ്ങൾ മാറിമാറി പ്രയോഗിക്കും. ഓഫീസിൽ നേരിട്ടു ചെന്നാൽ കൗണ്ടറിൽ ഇരിക്കുന്നവർ കൈമലർത്തും. പഴമ്പാലക്കോട്ടേക്ക് ഓഫീസ് എക്സ്റ്റന്റ് ചെയ്തു. ഇത്തരം കാര്യങ്ങൾ അവിടെയാണ് കൈകാര്യം ചെയ്യുന്നത്....... അവിടെ എത്തിയാൽ കോയമ്പത്തൂർ ദാദാമാർ. ജീവനിൽ കൊതിയുള്ളവർ പിന്നെ അവിടെ നിൽക്കില്ല. പക്ഷേ ചില മുദ്രപ്പത്രങ്ങളിലൊക്കെ വിരലടയാളം പതിച്ചിട്ടേ പോകാനൊക്കൂ. പോലീസ് പിടിയിലായ ഇയാൾ ഇപ്പോൾ ജാമ്യത്തിലിറങ്ങി മുങ്ങി നടക്കുകയാണ്.''പോരേ പൂരം. ഈ ചങ്ങാതിയാണ് ഈയിടെ അബുദാബിയിൽ ഉണർവ്വിന്റെ വേലിയേറ്റമുണ്ടാക്കിയത്.


Internet: www.tsbalan.com Email: tsbalan@yahoo.com Phone: 0484-3232356 Mobile: 94474 14608

ദി ഡിഫെൻഡർ
Vol. No.11 Issue No. 1 2008 January 1

# ജാതീയദേവൻമാർക്ക് സ്തുതിപാടുന്നവർ

അന്യദൈവങ്ങൾ നിങ്ങൾക്കുണ്ടാകരുത് എന്നത് ദൈവവചനത്തിലെ ഏറ്റവും പ്രധാന കല്പനയാണ്. അന്യദൈവാരാധനയാണ് ഏറ്റവും വലിയ പാപമെന്നതിനും സംശയമില്ല. പക്ഷേ പെന്തക്കോസ്തുകാർക്ക് ഇപ്പോൾ അന്യദൈവങ്ങളെ സ്തുതിക്കാൻ മടിയില്ലാതായിരിക്കുന്നു.

പെന്തക്കോസ്തുകാർ എത്രത്തോളം അധ:പതിച്ചു എന്ന് കഴിഞ്ഞ ക്രിസ്തുമസ്സ് തെളിയിച്ചു. ഏറ്റവും വലിയ പെന്തക്കോസ്ത് സഭയുടെ ജനറൽ പ്രസിഡന്റായ കെ.സി.ജോൺ മുതൽ താഴോട്ടുള്ള നിരവധി പെന്തക്കോസ്ത് നേതാക്കൻമാരും വിശ്വാസികളും ക്രിസ്തുമസ്സ് ആഘോഷിച്ചു. സുവിശേഷം പ്രചരിപ്പിക്കാനെന്ന പേരിൽ ഉണ്ടാക്കിയ പവ്വർ വിഷനിൽ രണ്ടാഴ്ചയിലധികംകാലം ക്രിസ്തുമസ്സ് പരിപാടികൾ ഉണ്ടായിരുന്നു. അങ്ങനെ, സൂര്യദേവന്റെ ജൻമദിനം നല്ലൊരു പങ്ക് പെന്തക്കോസ്തുകാർ ആഘോഷിച്ചു.

ക്രിസ്തുമസ്സ് കർത്താവായ യേശുക്രിസ്തുവിന്റെ ജൻമദിനമല്ലേ, അതാഘോഷിക്കുന്നത് അന്യദൈവാരാധനയാകുന്നതെങ്ങനെ, എന്നൊക്കെ ചോദിക്കുന്നവരുണ്ടാകാം. അതിനുള്ള മറുപടി ഐ.പി.സിയുടെ ആദ്യകാല നേതാക്കൻമാരിൽ ഒരാളായ കെ.ഇ.ഏബ്രഹാം പറഞ്ഞിട്ടുണ്ട്. ക്രിസ്തുമസ്സും ഈസ്റ്ററും മറ്റും ജാതികളുടെ ഉത്സവമായിരുന്നെന്നും പിൽക്കാലത്ത് അവ ക്രിസ്തുമതത്തിൽ എത്തുകയാണുണ്ടായതെന്നും അദ്ദേഹം തെളിവുകൾ സഹിതം വ്യക്തമാക്കുന്നു. ഈ നിലപാടിൽ നിന്ന് പെന്തക്കോസ്ത് സഭകൾ ഔദ്യോഗികമായി മാറിയിട്ടുമില്ല. പക്ഷേ ക്രിസ്തുമസ്സ് ആഘോഷിക്കാൻ അവർ തയ്യാറാകുകയും ചെയ്യുന്നു.

സൂര്യദേവന്റെ ജൻമദിനമാണ് ക്രിസ്തുമസ്സ് എന്ന സത്യം അറിഞ്ഞശേഷം ക്രിസ്തുമസ്സ് ആഘോഷിക്കുന്ന ഈ പെന്തക്കോസ്ത് നേതാക്കൻമാർ ഗുരുതരമായ പാപമാണു ചെയ്യുന്നത്. കൊമ്പൻ പോകുന്ന വഴിയേ മോഴയും എന്നു പറഞ്ഞതുപോലെ ഈ പെന്തക്കോസ്ത് നേതാക്കൻമാർ പോകുന്ന വഴിയിലൂടെ മറ്റു പാസ്റ്റർമാരും സാധാരണക്കാരായ വിശ്വാസികളും പോകാൻ ഇടയാകുന്നു. ഒരു സമൂഹത്തെ ഒന്നടങ്കം അന്യദൈവാരാധനയിലേക്കും നിത്യനാശത്തിലേക്കും നയിക്കുന്ന ഈ പെന്തക്കോസ്ത് നേതാക്കൻമാർ സാത്താന്റെ ദാസൻമാരാണെന്നതിന് സംശയമില്ല.

# സത്യം സത്യമായി

കാത്തുകാത്തിരുന്ന ആ വിളി ഒടുവിൽ എത്തി. ''ലീഡറേ ഡൽഹിക്കുവാ''. അതു കേട്ടതോടെ ലീഡർ സന്തോഷംകൊണ്ട് തുള്ളിച്ചാടി. (ആരോഗ്യ പ്രശ്നം മൂലം വളരെ ചെറിയ തോതിലേ ചാടിയുള്ളൂ). പണ്ടു മദാമ്മയും ഇപ്പോൾ മാഡവുമായിരിക്കുന്ന സോണിയാജിയെ കണ്ട് കാലു പിടിച്ച് കോൺഗ്രസ്സിൽ കയറിപ്പറ്റണം. പിന്നീട് വർക്കിംഗ് കമ്മറ്റിയിലെ സ്ഥിരം ക്ഷണിതാവാകാം. കിംഗ് മേക്കർ എന്നും മറ്റും അറിയപ്പെട്ടിരുന്ന ലീഡർജിക്ക് ഇത്ര ദയനീയമായ ഒരു പതനം ഉണ്ടാകുമെന്ന് ആരും കരുതിയിരുന്നില്ല.

ലീഡർ കോൺഗ്രസ്സിൽ ചേരുന്നതു പ്രമാണിച്ച് റാലിയും മറ്റും വേണോ എന്ന് കേരളത്തിലുള്ള കോൺഗ്രസ്സുകാർ തീരുമാനിക്കട്ടെ എന്നു കേന്ദ്രവും കേന്ദ്രം തീരുമാനിക്കട്ടെയെന്ന് കേരളവും പറയുന്നു. ഒടുവിൽ ലീഡർ തന്നെ തീരുമാനമെടുക്കാനും സാദ്ധ്യതയുണ്ട്. റാലിയുടെ ആവശ്യം ലീഡർക്കാണല്ലോ.

പുത്രൻജി ഈയിടെയായി കുറച്ചധികം സത്യങ്ങൾ പറയുന്നുണ്ട്. കെ.കരുണാകരൻ കോൺഗ്രസ്സിൽ എത്തുന്നതോടെ ഉമ്മൻ ചാണ്ടിയുടേയും രമേശ് ചെന്നിത്തലയുടേയും ഉറക്കം നഷ്ടപ്പെടുമെന്നാണ് പ്രവചനം. അത് അങ്ങനെതന്നെ സംഭവിക്കാനാണ് സാദ്ധ്യത. പിതാജിയുടെ സ്വഭാവം പുത്രൻജിയോളം അറിഞ്ഞിട്ടുളളവരില്ല. ലീഡറുടെ കഴിഞ്ഞകാല റിക്കാഡ് പരിശോധിച്ചാലും ഈ ദീർഘദർശനത്തിൽ കഴമ്പുണ്ടെന്നു വ്യക്തമാകും. കോൺഗ്രസ്സിനെ ശക്തിപ്പെടുത്താനാണ് ലീഡറും കൂട്ടരും കോൺഗ്രസ്സിലേക്കു വരുന്നത് എന്നാണ് വയ്പ്. പക്ഷേ കോൺഗ്രസ്സിനെ പണ്ടത്തേതിന്റെ പിന്നത്തേതാക്കാനാണ് ഈ വരവെന്ന് സാമാന്യ ബുദ്ധിയുള്ള ഏവർക്കും മനസ്സിലാക്കാം. മുരളീധർജി പറഞ്ഞതുപോലെ, ഇത് ആത്യന്തികമായി എൻ.സി.പിയെ ശക്തിപ്പെടുത്തിയേക്കാം.

പിതാവും പുത്രനും തമ്മിലുള്ള പോരും പോരാട്ടവും മറ്റും കുശാലായി നടക്കുമ്പോഴും പിതാവെന്ന പെരിയസ്വാമി മുറുക്കിക്കൊടുത്ത കെട്ടുമെടുത്ത് പുത്രൻ സ്വാമി ശബരിമലയ്ക്കു പോയി. ഇവരുടെ പേരിൽ കസേരയെറിഞ്ഞവരും അടിവാങ്ങിയവരും മിഴിച്ചുനിൽക്കുന്നു. ഇതു താൻ രാഷ്ട്രീയം.

വിലക്കയറ്റത്തിനെതിരെ മുസ്ലീം ലീഗ് സമരത്തിനിറങ്ങുന്നു. ഈ സമരം കഴിയുന്നതോടെ വിലക്കയറ്റം ഇല്ലാതാകുമെന്നതിൽ സംശയമില്ല. കാരണം, സമരം നടത്തുന്നതു മുസ്ലീംലീഗാണ്. സാക്ഷാൽ കുഞ്ഞാലിക്കുട്ടിയാണ് സമരം നയിക്കുക. ജീവനിൽ കൊതിയുള്ളവരാരും എതിർക്കാൻ ധൈര്യപ്പെടില്ല. അതുകൊണ്ട് വിലക്കയറ്റം പമ്പ കടക്കുമെന്നു തീർച്ച.

ജേക്കബ് ഗ്രൂപ്പിന് യു.ഡി.എഫിലേക്കുള്ള വാതിൽ ഇതാ തുറക്കുന്നു. കേരളാ കോൺഗ്രസ്സുകൾ ഐക്യത്തോടെ പ്രവർത്തിക്കാൻ തീരുമാനിച്ചതിനാൽ മാണിസാറിന്റെ ഒബ്ജക്ഷൻ ഇല്ലാതായതാണ് ഈ നിലപാടുമാറ്റത്തിൻെറ കാരണം. പാലം കടന്നു കഴിയുമ്പോൾ നാരായണനെ ജേക്കബ് മറക്കുമോ എന്നേ ഇനി അറിയാനുള്ളൂ.

മൂഷികസ്ത്രീ വീണ്ടും മൂഷികസ്ത്രീയാകുന്നു എന്നു പറഞ്ഞതുപോലെ യു.ഡി.എഫ് വീണ്ടും പഴയ യു.ഡി.എഫ് ആകുന്ന മട്ടുണ്ട്. ജേക്കബ് മടങ്ങിവരുന്നു, ലീഡറും മടങ്ങിവരുന്നു. മുരളിയുടെ കുറവ് ഒരു കുറവല്ലെങ്കിൽ യു.ഡി.എഫ് വിട്ടു പോയവരെല്ലാം എത്തുകയാണ്. ഇപ്പോൾ ഭരിക്കുന്നത് എൽ.ഡി.എഫ് ആയതുകൊണ്ട് അടുത്ത ഭരണം യു.ഡി.എഫിന്റേതാകും എന്നതിനു സംശയമില്ല. തിരുമ്പി വന്ത മച്ചാൻമാർക്കെല്ലാം അപ്പോൾ അധികാരത്തിന്റെ അപ്പക്കഷണങ്ങൾ ലഭിക്കയും ചെയ്യും.

ഗുജറാത്തിൽ വീണ്ടും ബി.ജെ.പിതന്നെ ഭരിക്കും. മതേതരക്കാരെല്ലാം ചേർന്ന് ആഞ്ഞുപിടിച്ചിട്ടും ഫലമുണ്ടായില്ല. ഉടൻ തെരഞ്ഞെടുപ്പു നടക്കാൻ പോകുന്ന സംസ്ഥാനങ്ങളിലും ഇതു തന്നെയാകും സ്ഥിതി. ഇക്കണക്കിനുപോയാൽ ഇന്ത്യൻ ഭരണഘടനയിൽ നിന്നുതന്നെ മതേതരത്വം മാറ്റാൻ ഇടയുണ്ട്. മതേതര പാർട്ടികൾ പ്രശ്നത്തിന്റെ ഗൗരവം മനസ്സിലാക്കിയ മട്ടില്ല.

അടുത്ത 13 വർഷംകൊണ്ട് ഇന്ത്യ ക്രിസ്ത്യൻ ഭൂരിപക്ഷ രാഷ്ട്രമാകുമെന്നാണ് ടി.ജെ. ശാമുവലിന്റേയും ആഞ്ഞിലിക്കായുടേയും ദൈവം പറഞ്ഞിരിക്കുന്നത്. കുറച്ചുപേർ അത് വിശ്വസിക്കുന്നുമുണ്ട്. ടി.ജെ.ശാമുവൽ ഇതു പറയാൻ തുടങ്ങിയിട്ട് ഏഴു വർഷം കഴിഞ്ഞു. നാളിതുവരെ ഇന്ത്യയിലെ ക്രിസ്ത്യാനികളുടെ എണ്ണത്തിൽ ഒരു ശതമാനത്തിന്റെ വർദ്ധനവുപോലും ഉണ്ടായിട്ടില്ല. വിശേഷിച്ച് ഒരു ഉണർവ്വ് ഉണ്ടാകുന്നുമില്ല. ഷിബു പീടിയേക്കൽ പറയുന്നതുപോലെ അവസാനത്തെ ഏതാനും മിനിട്ടുകൊണ്ട് അൻപതുകോടിയിലധികം ജനങ്ങളെ ഒന്നിച്ച് ഉണർത്തിക്കളയാം എന്നു കരുതിയിരിക്കയാണോ ടി.ജെയുടെ ദൈവം?

കൺവെൻഷൻ സീസൺ ആരംഭിച്ചതോടെ സകല പെന്തക്കോസ്ത് പത്രക്കാർക്കും സന്തോഷമായിരിക്കയാണ്. പ്രധാന കൺവെൻഷനുകൾക്കെല്ലാം സ്റ്റാളിടാം. കുശാലായി വരിസംഖ്യ പിരിക്കാം. ചെറുതും വലുതുമായ കൺവെൻഷനുകളുടെയെല്ലാം പരസ്യങ്ങൾ കിട്ടും. സപ്ലിമെന്റ് ഒപ്പിച്ചെടുക്കാനും ബുദ്ധിമുട്ടുണ്ടാകില്ല. കടമൊക്കെ വീട്ടാൻ മാത്രമല്ല, അടുത്ത കൺവെൻഷൻ സീസൺ ആരംഭിക്കുന്നതുവരെ ജീവിക്കാനുള്ള വഹയും ഈ സീസണിൽ സമ്പാദിക്കാം. സ്വന്തം ഫോട്ടോ പത്രത്തിൽ അടിച്ചുവരുന്നതു കണ്ട് സായൂജ്യമടയുന്ന പണച്ചാക്കുകൾ ഉള്ളിടത്തോളം കാലം പത്രക്കാർക്ക് അഷ്ടിക്കു മുട്ടുവരില്ല. സകല കൂട്ടക്ഷര വൈരികളും പത്രം തുടങ്ങുന്നതിന്റെ ഗുട്ടൻസ് ഇതാണ്.

**ഡിഫെൻഡർ പി.ഡി.എഫ് ഫോർമാറ്റിൽ ഇന്റർനെറ്റിൽ ലഭ്യമാണ്.**

*Please Visit:* **www.tsbalan.com**

ബൈബിൾ റേഡിയോ

**www.thebibleradio.com**

**For more Details: tsbalan@yahoo.com**

## വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 100 രൂപ
ആയുഷ്ക്കാല വരിസംഖ്യ: 1000 രൂപ
വിദേശം: (വാർഷിക വരിസംഖ്യ)
അമേരിക്ക: 30 ഡോളർ
മറ്റു രാജ്യങ്ങൾ: 800 രൂപ

**വിലാസം:**
**റ്റി.എസ്.ബാലൻ, ആനന്ദ് ഭവൻ**
**കെ.എസ്.ആർ.റ്റി.സിക്ക് സമീപം,**
**പെരുമ്പാവൂർ പി.ഒ., എറണാകുളം.**

(ചെക്ക്/ഡി.ഡി. അയയ്ക്കുന്നവർ റ്റി.എസ്.ബാലൻ എന്ന പേരെഴുതി അയയ്ക്കുക. ഡിഫെൻഡർ എന്ന പേരിൽ അക്കൗണ്ടില്ല)

## ട്രസ്റ്റുകളും സൊസൈറ്റികളും ഉണ്ടാക്കുന്നതെങ്ങനെ?

ചാരിറ്റബിൾ ട്രസ്റ്റുകൾ, സൊസൈറ്റികൾ തുടങ്ങിയവ ഉണ്ടാക്കാൻ ആഗ്രഹിക്കുന്നവർക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നു.
ട്രസ്റ്റ് ഡീഡ്/സൊസൈറ്റിയുടെ ബൈലോ ഉണ്ടാക്കി കൊടുക്കുന്നു.
ആദായനികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ വിവരങ്ങൾ നൽകുന്നു.
കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:

**റ്റി.എസ്.ബാലൻ, ആനന്ദ് ഭവൻ**
**കെ.എസ്.ആർ.റ്റി.സിക്ക് സമീപം,**
**പെരുമ്പാവൂർ പി.ഒ., എറണാകുളം. പിൻ.** 683542
ഫോൺ: **0484-3232356. Mob: 9447414608**

**(പ്രത്യേക ശ്രദ്ധക്ക്: ട്രസ്റ്റുകൾക്കും സൊസൈറ്റികൾക്കും വിദേശത്തുനിന്നു വലിയ തുക ധനസഹായമായി ലഭിക്കുമെന്നു പറഞ്ഞ് സമീപിക്കുന്നവരെ സൂക്ഷിക്കുക. അത് തട്ടിപ്പാണ്.)**

# ശിശുഭവനിലെ കുട്ടികൾ പീഡിപ്പിക്കപ്പെട്ടു

ദാനിയേൽ ഐരൂരിന്റെ നേതൃത്വത്തിൽ തിരുവില്വാമലയിൽ പ്രവർത്തിക്കുന്ന ശിശുഭവനിലെ പെൺകുട്ടികൾ ലൈംഗികപീഡനത്തിനിരയായതായി ആരോപണമുയർന്നിരിക്കുന്നു. സ്ഥാപനത്തിന്റെ നടത്തിപ്പുകാരനും ഐരൂരിന്റെ പ്രസ്ഥാനത്തിലെ ഒരു സെന്റർപാസ്റ്ററുമായ വർക്കി മത്തായിയാണ് ഈ ഹീനകൃത്യം ചെയ്തത്.

എട്ടു മുതൽ 12 വരെ വയസ്സുള്ള കുട്ടികളാണ് പീഡനത്തിനിരയായത്. പ്രതികരിക്കാൻ പോലും ശേഷിയില്ലാത്ത ഈ സാധു പെൺകുട്ടികളെ വർക്കി മത്തായിയെന്ന നീചൻ തുടർച്ചയായി ലൈംഗികമായും ശാരീരികമായും മാനസികമായും പീഡിപ്പിച്ചതായാണ് അറിയാൻ കഴിഞ്ഞത്. സംഭവം പുറത്തറിഞ്ഞതോടെ വർക്കി മത്തായി സ്ഥലം വിട്ടു. പക്ഷേ ദാനിയേൽ ഐരൂർ ഈ സംഭവം ഗൗരവത്തിലെടുക്കാനോ വർക്കി മത്തായിക്കെതിരെ നടപടി സ്വീകരിക്കാനോ തയ്യാറായില്ല. ഇതൊക്കെ നിസ്സാരമായ പ്രശ്നങ്ങളാണ് എന്ന നിലപാടിലാണ് ദാനിയേൽ ഐരൂർ.

ഇദ്ദേഹത്തിന്റെ പ്രസ്ഥാനവുമായി ബന്ധപ്പെട്ട് നിരവധി ആരോപണങ്ങൾ മുൻപും ഉണ്ടായിട്ടുണ്ട്. ദുർന്നടപ്പ്, സാമ്പത്തിക അഴിമതി തുടങ്ങിയ ഗൗരവമുള്ള കുറ്റങ്ങളാണ് ആരോപിക്കപ്പെടുന്നത്. എങ്കിലും ഡിഫെൻഡർ നാളിതുവരെ ഇയാളെ വിമർശിച്ചിട്ടില്ല. പക്ഷേ പിഞ്ചു കുട്ടികളെ ലൈംഗികമായി പീഡിപ്പിച്ച വർക്കി മത്തായിക്കെതിരെ ദാനിയേൽ ഐരൂർ നടപടിയെടുത്തില്ലെങ്കിൽ ഡിഫെൻഡർ ഈ വിഷയത്തിൽ ഇടപെടും. പ്രതികരിക്കാൻപോലും പ്രാപ്തിയില്ലാത്ത ആ കുട്ടികൾക്ക് നീതി കിട്ടുന്നതുവരെ ഡിഫെൻഡർ പോരാടും. അത് ഒഴിവാക്കുകയാണ് ബുദ്ധി.

# മിസ്പക്കാരനു ശനിദശ

നല്ലകാലം, കഷ്ടകാലം എന്നൊക്കെ പറയുന്നത് ജ്യോതിഷവുമായി ബന്ധപ്പെട്ട കാര്യമാണ്. അതുകൊണ്ടുതന്നെ ദൈവമക്കൾക്ക് അതു സ്വീകാര്യവുമല്ല. എങ്കിലും ഈ വാക്കുകളിൽ അടങ്ങിയിരിക്കുന്ന ആശയം വ്യക്തമാക്കാൻ മറ്റൊരു വാക്കില്ലാത്തതുകൊണ്ട് പറയട്ടെ: മിസ്പക്കാരന് ഇപ്പോൾ കഷ്ടകാലമാണെന്നു തോന്നുന്നു. ജ്യോതിഷക്കാരന്റെ ഭാഷയിൽ പറഞ്ഞാൽ ശനിദശ.

അമേരിക്കക്കാരനെ കബളിപ്പിക്കയും തട്ടിക്കൊണ്ടുപോകയും മറ്റും ചെയ്തിട്ടും വലിയ കുഴപ്പമൊന്നും കൂടാതെ കഴിയുകയായിരുന്നു. അതിനിടയിലാണ് ഏരിയാവിഭജനത്തിനെത്തിയ വിശുദ്ധൻമാരെ നെല്ലിക്കുന്നു സഭക്കാർ ഹാൾ പൂട്ടിയിട്ടു ബഹിഷ്ക്കരിച്ചത്. ഇയാളുടെ സെന്ററിൽ പെട്ട ചിലർ ഐ.പി.സി സഭാനേതൃത്വത്തിനെതിരെ കേസ്സും കൊടുത്തിട്ടുണ്ട്. ഈ പ്രശ്നങ്ങളേക്കുറിച്ചു സംസാരിക്കാനായി സ്റ്റേറ്റ് കൗൺസിൽ ഇദ്ദേഹത്തെ പലവട്ടം കുമ്പനാട്ടേക്കു വിളിപ്പിച്ചെങ്കിലും ഇയാൾ പോയില്ല. പക്ഷേ ഉടൻ എത്തിയില്ലെങ്കിൽ സെന്റർ പാസ്റ്റർ സ്ഥാനത്തുനിന്നു മാറ്റുമെന്ന് കൗൺസിൽ അന്ത്യശാസനം കൊടുത്തു. അങ്ങനെ ഈ ചങ്ങാതി ഡിസംബർ 18ന് കുമ്പനാട്ടെത്തി ക്ഷമ പറഞ്ഞ് പ്രശ്നം താല്ക്കാലികമായി പരിഹരിച്ചിരിക്കയാണ്. പക്ഷേ അമേരിക്കൻ പ്രശ്നം ഗുരുതരമാകുകയാണ്. ഡിഫെൻഡർ വിടുന്ന ലക്ഷണവുമില്ല. എന്തുചെയ്യണമെന്നറിയാതെ കുഴയുകയാണ് മഹാവിശുദ്ധനായ മിസ്പാക്കാരൻ.




# സൗദിയിൽ ചതിക്കപ്പെട്ടത് മാർത്തോമ്മാക്കാരനായ തോമസ് മാത്യു

കുപ്രസിദ്ധ കള്ളപ്രവാചകനായ സാമച്ചനും തട്ടിപ്പിന്റെ അവതാരമായ ചുമ്മാഡോ ചാർലിയും ചേർന്ന് സൗദിക്കാരനായ ഒരു മാർത്തോമ്മാക്കാരനെ കള്ളപ്രവചനം പറഞ്ഞു കബളിപ്പിച്ച് വഴിയാധാരമാക്കിയ വാർത്ത കഴിഞ്ഞലക്കം ഡിഫെൻഡറിൽ പ്രസിദ്ധീകരിച്ചിരുന്നല്ലോ. ഇപ്രകാരം ചതിക്കപ്പെട്ട വ്യക്തിയേക്കുറിച്ച് കൂടുതൽ വിവരങ്ങൾ അറിയുവാൻ പല വായനക്കാരും താല്പര്യം പ്രകടിപ്പിക്കയുണ്ടായി. അതുകൊണ്ട് അദ്ദേഹത്തിന്റെ അനുവാദത്തോടെ പേരും മറ്റും വെളിപ്പെടുത്തുകയാണ്:

പേര്: തോമസ് മാത്യു.
ഫോൺ: +966563068073

സൗദിയിൽ നല്ല നിലയിൽ ബിസിനസ്സ് നടത്തിവന്നിരുന്ന തോമസ് മാത്യുവിനെ ഈ കള്ളപ്രവാചകൻമാർ എങ്ങനെയാണ് കബളിപ്പിച്ചതെന്നും വഴിയാധാരമാക്കിയതെന്നും വായനക്കാർക്ക് നേരിൽ ചോദിച്ച് ബോദ്ധ്യപ്പെടാവുന്നതാണ്.

ശ്രീലങ്കൻ പ്രസിഡന്റും ഷാർജയിലെ ഷേക്കും ഉൾപ്പെടെയുള്ള നിരവധി ലോകനേതാക്കൻമാർ സാമച്ചനോടു ചോദിച്ചിട്ടാണത്രേ സുപ്രധാന തീരുമാനങ്ങളെടുക്കുന്നത്. ഹീബ്രൂ ഭാഷ അറിയാത്ത സാമച്ചൻ മോറീസെറില്ലോയോട് ഹൂബ്രൂവിൽ സംസാരിച്ചെന്നും കഥയുണ്ട്. വ്യഭിചാരം ഉൾപ്പെടെയുള്ള സകല തോന്ന്യാസവും കാണിച്ചു നടക്കുന്ന ഈ കള്ളന് ഓശാന പാടുന്ന പത്രങ്ങൾ ആ പണി നിർത്തണം.

## സത്യവും ക്രിസ്തുമസ്സും

ക്രിസ്തുമസ്സ് സൂര്യദേവന്റെ ജൻമദിനാഘോഷമാണെന്ന വസ്തുത നന്നായറിയാവുന്ന സി.വി.വടവന ക്രിസ്തുമസ്സ് ആഘോഷിച്ചു എന്നറിയുന്നതിൽ ദു:ഖമുണ്ട്. ഡിസംബർ 20-22 തീയതികളിൽ തിരുവല്ല പബ്ലിക് സ്റ്റേഡിയത്തിലായിരുന്നു ആഘോഷം. സാന്താക്ലോസും ക്രിസ്തുമസ്സ് ട്രീയും ക്രിസ്തുമസ്സുമായി ബന്ധപ്പെട്ട സകല കുണ്ടാമണ്ടിയും സഹിതമായിരുന്നു പരിപാടി. വിശുദ്ധ മാത്യു ടി. തോമസ് ആഘോഷം ഉദ്ഘാടനം ചെയ്തു. പരിശുദ്ധ കെ.ജി.മർക്കോസ് പാട്ടുപാടി.

വിവരദോഷികളായ കുറെ പെന്തക്കോസ്തുകാർ ഇപ്പോൾ ക്രിസ്തുമസ്സ് ആഘോഷിക്കുന്നുണ്ട്. പക്ഷേ ബ്രദറുകാർ അത്രത്തോളം തരംതാണിട്ടില്ല. എന്നാൽ സാധാരണ ബ്രദറുകാരേക്കാൾ വിവരമുള്ള വടവന ക്രിസ്തുമസ്സ് ആഘോഷിച്ചത് ഒട്ടും ശരിയായില്ല.

ഒരുപക്ഷേ വടവന കാര്യത്തിന്റെ ഗൗരവം മനസ്സിലാക്കാതെയാണോ ഈ തെറ്റുചെയ്തത്? അല്ലെന്ന് അന്വേഷണത്തിൽ നിന്നും വ്യക്തമായി. വടവനയുടെ പത്രത്തിന്റെ എഡിറ്റോറിയലിൽ ക്രിസ്തുമസ്സിനേക്കുറിച്ച് എഴുതിയിട്ടുണ്ട്. ക്രിസ്തുമസ്സ് ജാതീയ ദേവന്റെ ജൻമദിനാഘോഷമാണെന്ന വസ്തുത ഈ ലേഖനത്തിൽ വ്യക്തമായി പറയുന്നുമുണ്ട്. അങ്ങനെ വടവന അറിഞ്ഞുകൊണ്ടു ചെയ്ത തെറ്റാണിത്. മോശമായിപ്പോയി, വടവന ഇങ്ങനെ ചെയ്യരുതായിരുന്നു.

## സൈബർകേസ്സ് വിധി ജനുവരിയിൽ

സൈബർ കേസ്സിൽ റ്റി.എസ്.ബാലനും മകൻ അനീഷും പത്തനംതിട്ട സെഷൻസ് കോടതിയിൽ നൽകിയ അപ്പീലിന്റെ വിധി ജനുവരിയിൽതന്നെ ഉണ്ടാകാൻ സാദ്ധ്യതയുണ്ട്. വാദം ഏറെക്കുറെ പൂർത്തിയായിരിക്കയാണ്. പക്ഷേ വിധി പറയുന്ന തീയതി പ്രഖ്യാപിച്ചിട്ടില്ല. കീഴ്ക്കോടതിവിധി അതേപടി ശരിവയ്ക്കുന്നതു മുതൽ രണ്ടുപേരേയും വെറുതെ വിടുന്നതുവരെയുള്ള വിവിധ സാദ്ധ്യതകളുണ്ട്. പക്ഷേ എന്താകും കോടതി തീരുമാനിക്കുക എന്ന് വിധി വന്നശേഷമേ പറയാനാകൂ. വിധി അനുകൂലമല്ലെങ്കിൽ ബാലനും മകനും ഹൈക്കോടതിയിൽ അപ്പീൽ നൽകുന്നതാണ്.

# ചവറിൽ ക്രിസ്തുമസ്സ് പൊടിപൊടിച്ചു

ചവറിൽ ക്രിസ്തുമസ്സ് പൊടിപൊടിച്ചു. കത്തോലിക്കർ പോലും തോറ്റുപോകുന്ന വിധത്തിലായിരുന്നു ആഘോഷം. രണ്ടാഴ്ചയിലധികം നീണ്ടുനിന്ന പരിപാടികളാണ് ഉണ്ടായിരുന്നത്.

സമുദായക്കാരുടെ പള്ളികളിലെ ഗായകസംഘം മൂക്കിൽക്കൂടിയും ചെവിയിൽക്കൂടിയും മറ്റും ഇംഗ്ലീഷ് സ്റ്റൈലിൽ പാടിയ പാട്ടുകളായിരുന്നു മുഖ്യ ഐറ്റം. എന്താണു പാടിയതെന്ന് കേട്ടവർക്കോ പാടിയവർക്കുതന്നെയോ അറിഞ്ഞുകൂടാ. എല്ലാ പാട്ടിനും ഒരേ ട്യൂണായിരുന്നു. പാട്ടുകാർക്ക് യൂണിഫോമുണ്ടായിരുന്നു എന്നതും എടുത്തു പറയേണ്ട കാര്യമാണ്. വിവരക്കേടിനു കൈയ്യും കാലും വച്ച കെ.എ. ഏബ്രഹാം ക്രിസ്തുമസ്സിനേക്കുറിച്ച് ഉഗ്രൻ ഒരു അസംബന്ധ പ്രസംഗവും നടത്തി. സാന്താക്ലോസ്സും ക്രിസ്തുമസ്സ് ട്രീയും ഉണ്ടായിരുന്നു.

ക്രിസ്തുമസ്സ് യേശുക്രിസ്തുവിന്റെ ജൻമദിനമാണെന്നു തെറ്റിദ്ധരിച്ചാണോ കെ.സി.ജോൺ ഇങ്ങനെയൊക്കെ ചെയ്തത്? അല്ലേ അല്ല. ക്രിസ്തുമസ്സ് സൂര്യദേവന്റെ ജൻമദിനാഘോഷമാണെന്ന് കെ.സി.ജോൺ തന്നെ ക്രിസ്തുമസ്സ് ദിവസം ചവറിലൂടെ വ്യക്തമാക്കി. ഇതു പറഞ്ഞിട്ടാണ് ആഘോഷം. ഈ നീചൻ സൂര്യദേവനെ ആരാധിക്കയായിരുന്നു എന്നതിന് വേറെ തെളിവെന്തിന്?

സമുദായക്കാരെ ചാനലിലേക്ക് ആകർഷിക്കാനാണ് ഇങ്ങനെയൊക്കെ ചെയ്തതെന്ന് ഒരു വാദമുണ്ട്. അങ്ങനെയെങ്കിൽ ചക്കുളത്തുകാവിലെ പൊങ്കാലയും ശബരിമലയിലെ മകരവിളക്കും കൂടി സംപ്രേക്ഷണംചെയ്യണം. നമുക്ക് ഹിന്ദുക്കളേയും ആകർഷിക്കേണ്ടേ?

# ഫിലിപ്പ് പി. തോമസിന് ഡോക്ടറേറ്റ് കിട്ടി

പാസ്റ്റർ ഫിലിപ്പ് പി. തോമസിന് ഡോക്ടറേറ്റ് കിട്ടിയതായി വാർത്ത. സംഗതി ശരിയാണെങ്കിൽ വ്യവസ്ഥകൾക്കു വിധേയമായി ഡിഫെൻഡറിന്റെ അഭിനന്ദനങ്ങൾ.

വ്യവസ്ഥകൾക്കു വിധേയമായി അഭിനന്ദനം എന്നതുകൊണ്ട് എന്താണർത്ഥമാക്കുന്നതെന്ന് ചോദിച്ചേക്കാം. ഡോക്ടറേറ്റ് നൽകാൻ അധികാരമുള്ള സ്ഥാപനത്തിൽ നിന്നു ലഭിച്ച ഡോക്ടറേറ്റാണെങ്കിൽ അഭിനന്ദനം. അധികാരവും അംഗീകാരവും മറ്റും അല്പം കുറവാണെങ്കിലും മാസ്റ്റർഡിഗ്രി എടുത്തശേഷം മൂന്നു വർഷത്തിൽ കുറയാത്ത കാലം ഗവേഷണം നടത്തി പ്രബന്ധം കൊടുത്തു നേടിയതാണ് ഡോക്ടറേറ്റെങ്കിലും അഭിനന്ദനം. പക്ഷേ കെ.സി.ജോണിനു കിട്ടിയതുപോലുള്ള സാധനമാണ് ഫിലിപ്പ് പി.ക്കു കിട്ടിയതെങ്കിൽ അഭിനന്ദനമില്ലെന്നു മാത്രമല്ല സർവ്വശക്തിയോടുംകൂടി കൂകൂ എന്നു കൂവുന്നു.

# കട്ടപ്പനയിൽ തെരുക്കൂത്ത്

എന്തിനാണ് എല്ലാവരും ചേർന്ന് തന്നെ വിമർശിക്കുന്നതെന്ന് കെ.എ.ഏബ്രഹാം ചോദിക്കുന്നു. വിമർശനം നിർത്തിയേക്കാമെന്നു വിചാരിച്ചാലും കെ.എ.ഏബ്രഹാം സമ്മതിക്കില്ല എന്നതാണ് സത്യം. രണ്ടാഴ്ച മുൻപ് കെ.എ.ഏബ്രഹാം കട്ടപ്പനയിൽ അവതരിപ്പിച്ച കലാപരിപാടിതന്നെ നല്ല ഉദാഹരണം. മറ്റൊരാൾ പ്രദർശിപ്പിച്ച നാടകം കോപ്പിയടിച്ച് കെ.എ.ഏബ്രഹാം ഇപ്പോൾ അവതരിപ്പിക്കുന്ന കാര്യം മുൻപ് ഡിഫെൻഡറിൽ റിപ്പോർട്ട് ചെയ്തിരുന്നല്ലോ. ഈ പരിപാടി ഇപ്പോൾ സ്ഥിരം കലാപരിപാടിയാക്കിയിരിക്കയാണ് മാന്യദേഹം. ആയിരക്കണക്കിനു രൂപ മുടക്കി നടത്തുന്ന കൺവെൻഷൻ. ദൈവവചനം കേൾക്കാൻ എത്തിയിരിക്കുന്ന പൊതുജനം. അവരുടെ മുൻപിലാണ് പാപിയും ചെകുത്താനും ഒക്കെച്ചേർന്ന് പേക്കൂത്തു നടത്തുന്നത്. എന്തോ വലിയ കാര്യം സാധിക്കുന്നു എന്ന മട്ടിലാണ് കെ.എ.ഏബ്രഹാം ഇതവതരിപ്പിക്കുന്നത്. ശുദ്ധ തോന്ന്യാസമെന്നല്ലാതെ എന്തു പറയാൻ. ഏതായാലും ഈ പരിപാടി നിർത്തിയില്ലെങ്കിൽ കെ.എ.ഏബ്രഹാം ശരിക്കും വിമർശിക്കപ്പെടും.

# വിശ്വാസികളും രാഷ്ട്രീയ പാർട്ടികളും

ജി.എം.ന്യൂസ് എന്ന ഓൺലൈൻ പത്രം ഡിസംബർ 22ന് പ്രസിദ്ധീകരിച്ച മുഖപ്രസംഗമാണ് ഈ കുറിപ്പിന് ആധാരം. പെന്റക്കൊസ്റ്റിലെ കമ്യൂണിസ്റ്റ് ചാരൻമാരെ സൂക്ഷിക്കുക എന്നതാണ് മുഖപ്രസംഗത്തിന്റെ തലക്കെട്ട്. ഈ ലേഖനത്തിൽ എന്താണു പറയുന്നതെന്ന് തലക്കെട്ടിൽ നിന്നുതന്നെ വ്യക്തമാണ്.

പെന്തക്കോസ്തിൽ കമ്യൂണിസ്റ്റ് ചാരൻമാരുണ്ടെങ്കിൽ സൂക്ഷിക്കണമെന്നതിന് രണ്ടുപക്ഷമില്ല. പക്ഷേ കമ്യൂണിസ്റ്റ് ചാരൻമാരെ മാത്രം സൂക്ഷിച്ചാൽ മതിയോ? കോൺഗ്രസ്സ്, മുസ്ലീം ലീഗ്, ബി.ജെ.പി എന്നിങ്ങനെ ചെറുതും വലുതുമായ നിരവധി രാഷ്ട്രീയ കക്ഷികൾ ഇന്ത്യയിലുണ്ട്. അവയിൽ കമ്യൂണിസ്റ്റുകാർ മാത്രമാണോ കുഴപ്പക്കാർ? ദൈവമക്കൾ ഇവരെ മാത്രം സൂക്ഷിച്ചാൽ മതിയോ?

യൂറോപ്പിൽ കമ്യൂണിസം കത്തോലിക്കാസഭയെ തകർത്തതിൽ ലേഖകൻ പരിതപിക്കുന്നു. ഒരു നൂറ്റാണ്ടു മുൻപ് യൂറോപ്പിലെ കത്തോലിക്കാസഭ എന്താണു ചെയ്തിരുന്നതെന്ന് അറിയാവുന്നവരാരും ഈ വിഷയത്തിൽ കമ്യൂണിസ്റ്റുകാരെ കുറ്റം പറയുമെന്നു തോന്നുന്നില്ല. ദൈവത്തിന്റെ പേരിൽ കത്തോലിക്കാസഭ കാട്ടിക്കൂട്ടിയ കൊള്ളരുതായ്മകൾക്ക് അന്ത്യം കുറിക്കുവാൻ കമ്യൂണിസത്തിനു കഴിഞ്ഞത് എന്തുകൊണ്ടും നന്നായി. ഈ പറഞ്ഞതിന്റെ അർത്ഥം കമ്യൂണിസ്റ്റുകാർ ചെയ്തതെല്ലാം നല്ലതാണെന്നല്ല.

കമ്യൂണിസ്റ്റുകാർ നിരീശ്വരവാദികളാണെന്ന വസ്തുതയും ലേഖകൻ ചൂണ്ടിക്കാട്ടുന്നു. കൃത്യമായി പറഞ്ഞാൽ കമ്യൂണിസ്റ്റുകാർ നിരീശ്വരവാദികളല്ല ഭൗതികവാദികളാണ്. ഭൗതിക വിഷയങ്ങളിലാണ് അവർക്കു താല്പര്യം. അതുകൊണ്ട് ആത്മീയ വിഷയങ്ങൾക്കോ ദൈവത്തിനോ കമ്യൂണിസത്തിൽ സ്ഥാനമില്ല.

ആത്മീയ വിഷയങ്ങളിൽ ഒരളവോളമെങ്കിലും താല്പര്യമുള്ള ചില രാഷ്ട്രീയ പാർട്ടികളുണ്ട്. ബി.ജെ.പി, മുസ്ലീം ലീഗ് തുടങ്ങിയവ ഉദാഹരണം. ഇവരെ ദൈവമക്കൾക്ക് സ്വീകരിക്കാമോ? കോൺഗ്രസ്സിന്റെ സ്ഥിതി എന്താണ്? സത്യദൈവത്തിൽ വിശ്വസിക്കുന്ന പാർട്ടിയാണോ കോൺഗ്രസ്സ്? ആണെങ്കിൽ കോൺഗ്രസ്സിന്റെ ഭരണഘടനയിൽ ഇതേപ്പറ്റി എഴുതിയിട്ടുണ്ടോ? ജീവനുള്ള ദൈവത്തിൽ വിശ്വസിക്കുന്ന ഒരു രാഷ്ട്രീയ പാർട്ടിയും ഇന്ത്യയിലില്ല. രാഷ്ട്രീയ പാർട്ടികളുടെ ലക്ഷ്യം മതപ്രചരണമല്ല. അതുകൊണ്ട് അവർ സത്യദൈവത്തിൽ വിശ്വസിക്കേണ്ട ആവശ്യവുമില്ല.

കമ്യൂണിസമെന്നത് സാത്താന്റെ വകയാണെന്നും കോൺഗ്രസ്സ് ദൈവത്തിന്റെ വകയാണെന്നും ഒരു ധാരണ പെന്തക്കോസ്തുകാർക്കു മാത്രമല്ല എല്ലാ ക്രിസ്ത്യാനികൾക്കുമുണ്ട്. കോൺഗ്രസ്സ് നടത്തുന്ന വർഗ്ഗീയ പ്രീണനമാണ് ഈ തെറ്റിദ്ധാരണയ്ക്ക് അടിസ്ഥാനം. മതത്തിന്റെ പേരിൽ കാട്ടിക്കൂട്ടുന്ന തോന്ന്യാസങ്ങൾ കോൺഗ്രസ്സ് കണ്ടില്ലെന്നു നടിക്കും. കമ്യൂണിസ്റ്റുകാർ തിൻമകൾക്കെതിരെ പ്രതികരിക്കും. ഇങ്ങനെയാണ് കമ്യൂണിസ്റ്റുകൾ മതവിരോധികളും കോൺഗ്രസ്സുകാർ മതസ്നേഹികളുമായത്.

ഇപ്പോൾ കേരളത്തിൽ നടക്കുന്ന കോലാഹലം തന്നെ നല്ല ഉദാഹരണം. എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സിക്കു വിടണം എന്ന വാദം ഉയർന്നതോടെ പുരോഹിതൻമാർക്കു ഹാലിളകി. ക്രിസ്ത്യൻ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിരീശ്വരവാദികളെ കുത്തിനിറയ്ക്കാനുള്ള കമ്യൂണിസ്റ്റ് തന്ത്രമാണിത് എന്നത്രേ വാദം. പി.എസ്.സി എന്നത് നിരീശ്വരവാദികൾക്ക് ഉദ്യോഗം കൊടുക്കാനായി ഉണ്ടാക്കിയതാണോ? ദൈവവിശ്വാസികളെ പി.എസ്.സി തള്ളിക്കളയുമോ? പ്രശ്നം അതല്ല. അദ്ധ്യാപകനിയമനം കോഴവാങ്ങാനുള്ള അവസരമാണ്. നിയമനം പി. എസ്.സിക്കു വിട്ടാൽ പാതിരിമാർക്കു കോഴവാങ്ങാനാവില്ല. പക്ഷേ സുപ്രധാനമായ ഒരു വസ്തുത ഏവരും മറക്കുന്നു: എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകർക്കു ശമ്പളം കൊടുക്കുന്നത് സർക്കാരിന്റെ ഖജനാവിൽ നിന്നാണ്. ഹിന്ദുവും മുസ്ലീമും നിരീശ്വരവാദിയും ഒക്കെ നികുതിയായി കൊടുത്ത പണമാണത്. ശമ്പളം കൊടുക്കുന്നത് സർക്കാരാണെങ്കിൽ നിയമനം നടത്തേണ്ടതും സർക്കാരാണ്. തങ്ങൾക്കു ബോധിച്ചവരെ നിയമിക്കുമെന്ന് ശഠിക്കുന്നവർ ഇപ്രകാരം നിയമിക്കപ്പെടുന്നവർക്കു ശമ്പളം കൊടുക്കാൻകൂടി തയ്യാറാകണം. ഈ പ്രശ്നത്തിൽ ആത്മീയതയുമായി ബന്ധമുള്ള ഒന്നുമില്ല. പക്ഷേ കമ്യൂണിസ്റ്റുകാർ ഇതാ മതത്തെ തകർക്കാൻ പോകുന്നേ എന്നുപറഞ്ഞ് പാതിരിമാർ മുറവിളിക്കൂട്ടുന്നു. വിവരംകെട്ട പെന്തക്കോസ്തുകാർ ഈ പല്ലവി ഏറ്റുപാടുന്നു.

കമ്യൂണിസം ദൈവസഭക്ക് സ്വീകാര്യമാണെന്ന് ഈ പറഞ്ഞതിന് അർത്ഥമില്ല. എല്ലാ രാഷ്ട്രീയ പാർട്ടികളും ദൈവസഭക്ക് ഒന്നുപോലെയാണ്. സഭ ആത്മീയലക്ഷ്യങ്ങളോടെ പ്രവർത്തിക്കുന്നു. രാഷ്ട്രീയ പാർട്ടികൾ ഭൗതിക നേട്ടങ്ങൾ ലക്ഷ്യമിടുന്നു. ഇവ തമ്മിൽ കൂട്ടിക്കുഴയ്ക്കേണ്ട ആവശ്യമില്ല.

പെന്തക്കോസ്തിൽ ഈയിടെയായി രാഷ്ട്രീയ അതിപ്രസരമാണുള്ളത്. കൺവെൻഷൻ ഉദ്ഘാടനം ചെയ്യാൻ രാഷ്ട്രീയക്കാർ കൂടിയേ കഴിയൂ. പ്രധാനമന്ത്രിയെ കിട്ടുമോ എന്നാണ് നോട്ടം. കുറഞ്ഞപക്ഷം ലോക്കൽ നേതാവെങ്കിലും വേണം. ചിലർ രാഷ്ട്രീയ നേതാക്കൻമാർക്ക് അവാർഡുകൾ കൊടുക്കുന്നു. അവരെ വീട്ടിൽ വിളിച്ചുവരുത്തി സൽക്കരിക്കുന്നു. വീണ്ടുംജനനം പ്രാപിക്കാത്ത പെന്തക്കോസ്തുകാരുടെ എണ്ണം ഏറിവരുന്നതാണ് ഇതിന്റെ കാരണം.

പറഞ്ഞുവരുന്നതിന്റെ ചുരുക്കമിതാണ്: കമ്യൂണിസമെന്നല്ല എല്ലാ രാഷ്ട്രീയ പാർട്ടികളും ഭൗതീക ലക്ഷ്യങ്ങളോടെ പ്രവർത്തിക്കുന്നവയാണ്. ആത്മീയലക്ഷ്യമുള്ള ദൈവസഭക്ക് രാഷ്ട്രീയ പാർട്ടികളുമായി പൊരുത്തപ്പെടാനാവില്ല. അതുകൊണ്ട് എല്ലാ രാഷ്ട്രീയ പാർട്ടികളേയും സഭ ഒന്നുപോലെ കാണണം.

# ഡിഫെൻഡർ മറുപടി പറയുന്നു

**?** പതിമൂന്നു വർഷംകൂടി കഴിയുമ്പോൾ ഇന്ത്യ ക്രിസ്ത്യൻ ഭൂരിപക്ഷമുള്ള രാഷ്ട്രമാകുമെന്നും മറ്റും പ്രചരിപ്പിച്ചുകൊണ്ട് ടി.ജെ.ശാമുവൽ ഊരുചുറ്റുകയാണ്. ഇതിനെതിരെ ഡിഫെൻഡർ ശക്തിയായി പ്രതിഷേധിക്കണം.

■ ടി.ജെ.ശാമുവലിന്റെ കള്ളപ്രവചനത്തിനെതിരെ പ്രതികരിക്കണമെന്നാവശ്യപ്പെട്ട് നിരവധി കത്തുകൾ ലഭിക്കയുണ്ടായി. പക്ഷേ ഈ വിഷയത്തേക്കുറിച്ച് ഡിഫെൻഡർ പലവട്ടം എഴുതിയിരുന്നു. എങ്കിലും വിഷയം ഗൗരവമുള്ളതാകയാൽ വീണ്ടും എഴുതുകയാണ്.

ദൈവവചനം വസ്തുനിഷ്ഠമായി പഠിക്കാത്തതുകൊണ്ടാണ് ഇത്തരം പ്രവചനങ്ങൾ നടത്തുന്നതെന്ന് പ്രാരംഭത്തിൽ തന്നെ പറയട്ടെ. പഴയനിയമകാലത്ത് വ്യക്തികളോടു മാത്രമല്ല രാജ്യങ്ങളോടും ജനവർഗ്ഗങ്ങളോടും ദൈവം ഇടപെട്ടിരുന്നു. യിസ്രായേൽ, ഏദോം, ഫെലിസ്ത്യർ, മിദ്യാന്യർ തുടങ്ങിയവരോടുള്ള ദൈവീക ഇടപെടൽ ഉദാഹരണമായെടുക്കാം. എന്നാൽ പുതിയനിയമത്തിൽ വ്യക്തികളോടാണ് ദൈവം ഇടപെടുന്നത്. സമൂഹമെന്ന നിലയിൽ ദൈവസഭയോടും ഇടപെടുന്നു. എന്നാൽ ഒരു രാജ്യത്തോട് ഒന്നാകെ ഇടപെടുന്നില്ല. ദൈവജനമായ യിസ്രായേലിനോടുപോലും കൃപായുഗത്തിൽ ഒരു ജാതി എന്ന നിലയിൽ ഇടപെടുന്നില്ല.

എല്ലാ മനുഷ്യരേയും ദൈവം സ്നേഹിക്കുന്നു. അതുകൊണ്ട് ഇന്ത്യയിലെ ജനങ്ങളേയും സ്നേഹിക്കുന്നു. എല്ലാ മനുഷ്യരും രക്ഷിക്കപ്പെടണമെന്നും ദൈവം ആഗ്രഹിക്കുന്നു. പക്ഷേ ഇന്ത്യയോട് പ്രത്യേക ഇടപാടുകളൊന്നുമില്ല. മാത്രമല്ല, ആരുടേയും ഹൃദയത്തെ ദൈവം ബലമായി പിടിച്ചു തിരിക്കുന്നുമില്ല.

നാമധേയ ക്രൈസ്തവർ ഉൾപ്പെടെ ഇന്ത്യയിൽ ഇപ്പോൾ മൂന്നുകോടിയോളം ക്രിസ്തുമതക്കാരുണ്ട്. അവരിൽ രക്ഷിക്കപ്പെട്ട ദൈവമക്കളുടെ എണ്ണം മുപ്പതു ലക്ഷംപോലും വരില്ല. നാമധേയ ക്രൈസ്തവരുടെ എണ്ണം വർദ്ധിപ്പിച്ച് ഇന്ത്യയെ ക്രിസ്തുരാഷ്ട്രമാക്കാനുള്ള പദ്ധതി ദൈവം ഒരുക്കുമെന്ന് കരുതാനാവില്ല. അപ്പോൾ ഇന്ത്യ ക്രൈസ്തവരാഷ്ട്രമാക്കാൻ അടുത്ത 13 വർഷം കൊണ്ട് അൻപതു കോടിയിലധികം ജനങ്ങൾ വീണ്ടുംജനനം പ്രാപിക്കണം. ദൈവത്തിന് സകലതും സാദ്ധ്യമല്ലേ? തീർച്ചയായും അതെ. പക്ഷേ ദൈവം ആരുടേയും മനസ്സിനെ ബലമായി പിടിച്ചു തിരിക്കയില്ല. രക്ഷിക്കപ്പെടാനോ രക്ഷിക്കപ്പെടാതിരിക്കാനോ ഉള്ള സ്വാതന്ത്ര്യം എല്ലാ മനുഷ്യർക്കും ദൈവം കൊടുത്തിട്ടുണ്ട്. ആ സ്വാതന്ത്ര്യത്തിൽ ദൈവം കൈകടത്തുകയില്ല.

കള്ളപ്രവാചകൻമാർ എല്ലാക്കാലത്തുമുണ്ടായിരുന്നു. ടി.ജെ.ശാമുവൽ അത്തരത്തിലുള്ള ഒരു കള്ളപ്രവാചകനാണ്. ഏതോ ദുരാത്മാവു നൽകിയ ദർശനമാണ് ഇയാൾ പ്രസംഗിച്ചു നടക്കുന്നത്. ഇത്തരം പ്രവചനവുമായി രംഗപ്രവേശം ചെയ്യുന്നവർ കുറെ ആളുകളെ തങ്ങളുടെ വലയിലാക്കും. പ്രവചനം നിവർത്തിയാകാതെവരുമ്പോൾ ഈ ജനം ദൈവത്തെത്തന്നെ ഉപേക്ഷിച്ചെന്നു വരാം. ചിലപ്പോൾ പുതിയൊരു കൾട്ട് ഉണ്ടായെക്കാം. ശാബതുകാർ, യഹോവാസാക്ഷികൾ, അഞ്ചരവേദക്കാർ തുടങ്ങിയവർ ഉണ്ടായത് ഈ വിധത്തിലാണ്. 2020 വരെ ടി.ജെ.ശാമുവൽ ജീവനോടെ ഇരുന്നാൽ പുതിയൊരു കൾട്ടിന് ഇയാൾ രൂപം കൊടുക്കും. അന്നും ഇന്ത്യയിലെ ക്രിസ്ത്യാനികൾ മൂന്നുശതമാനം തന്നെ ആയിരിക്കും. പക്ഷേ ടി. ജെ.ശാമുവലിന്റെ കൾട്ട് അത് അംഗീകരിക്കയില്ല. ഇന്ത്യയിൽ പകുതിയിലേറെപ്പേർ ക്രിസ്ത്യാനികളായിക്കഴിഞ്ഞെന്നും അവരെ സാത്താൻ തടഞ്ഞുവച്ചിരിക്കയാണെന്നും വ്യാഖ്യാനമുണ്ടാകും. യിസ്രായേൽ ജനത്തെ മിസ്രയീമിൽ നിന്നും വിടുവിക്കാൻ ദൈവം മോശെയെ നിയോഗിച്ചതുപോലെ ദൈവം ടി.ജെ.ശാമുവലിനെ നിയമിച്ചിരിക്കയാണെന്നും മോശെയെ ധിക്കരിച്ചവരെ അന്ന് ദൈവം ശിക്ഷിച്ചതുപോലെ ടി.ജെ.ശാമുവലിനെ ധിക്കരിക്കുന്നവരെ ദൈവം ശിക്ഷിക്കുമെന്നും മറ്റും ഈ കൾട്ട് പഠിപ്പിച്ചേക്കാം. ഏതു വിഡ്ഢിത്തം പറഞ്ഞാലും അതു വിശ്വസിക്കാൻ ആളുണ്ടാകും. അതുകൊണ്ട് ടി.ജെ.ശാമുവലിനു അനുയായികളെ കിട്ടും.

ക്രിസ്ത്യാനികൾക്കു ഭൂരിപക്ഷമുള്ള രാജ്യം ഉണ്ടാകുന്നത് ഗുണത്തേക്കാളേറെ ദോഷമാണുണ്ടാക്കുക എന്നതും എടുത്തുപറയേണ്ട കാര്യമാണ്. റോമാസാമ്രാജ്യത്തിൽ ക്രിസ്തുമതം രാഷ്ട്രമതമായി അംഗീകരിക്കപ്പെട്ടപ്പോൾ എന്തുസംഭവിച്ചു എന്ന് ചരിത്രം പഠിച്ചിട്ടുള്ളവർക്കറിയാം. ക്രിസ്ത്യാനികൾക്കു ഭൂരിപക്ഷമുള്ള നിരവധി രാജ്യങ്ങൾ ഇപ്പോഴും ലോകത്തുണ്ട്. ആ രാജ്യങ്ങളെല്ലാംതന്നെ ആത്മീയമായി ഏറെ അധഃപതിച്ച സ്ഥിതിയിലാണ്. എന്നാൽ മതസ്വാതന്ത്ര്യമില്ലാത്ത രാജ്യങ്ങളിൽ വിശ്വാസത്തിൽ ഉറച്ച ക്രിസ്ത്യാനികളെയാകും കണ്ടെത്തുക. ഇന്ത്യ ക്രിസ്ത്യാനികൾക്കു ഭൂരിപക്ഷമുള്ള രാഷ്ട്രമായാൽ അത് ദൈവസഭക്ക് ദോഷമേ ചെയ്യൂ.

# വീട്ടിൽ ഒരു റഫറൻസ് ലൈബ്രറി

നിങ്ങളുടെ വീട്ടിലും ഒരു റഫറൻസ് ലൈബ്രറി ഒരുക്കാൻ ഇതാ ഒരു സുവർണ്ണാവസരം. 1500ൽ അധികം പുസ്തകങ്ങൾ. നാലു ലക്ഷത്തിൽ അധികം പേജുകൾ. പി.ഡി.എഫ് ഫോർമാറ്റിലുള്ള 40 സി.ഡികൾ. വില 1900 രൂപ മാത്രം. ട്രിനിറ്റി സ്ക്കൂൾ പുറത്തിറക്കിയിരിക്കുന്ന ഈ ക്ലാസിക്കൽ ഡിജിറ്റൽ ലൈബ്രറിയുടെ കോപ്പികൾ ഇപ്പോൾ ഡിഫെൻഡർ ഓഫീസിൽനിന്നും വിതരണം ചെയ്യുന്നു.

ജോസീഫസ് പോലുള്ള പ്രാചീന ഗ്രന്ഥങ്ങൾ മുതൽ ലൂഥർ, കാൽവിൻ തുടങ്ങിയ പ്രോട്ടസ്റ്റന്റ് നേതാക്കൻമാരുടെ പുസ്തകങ്ങളും നിരവധി ബൈബിൾ വ്യാഖ്യാന ഗ്രന്ഥങ്ങളും ഉൾപ്പെടുന്നതാണ് ഈ അത്യപൂർവ്വ ഗ്രന്ഥശേഖരം. ജോസീഫസ് പറഞ്ഞു, ലൂഥർ എഴുതി എന്നൊക്കെ ഇനി ഊഹം വെച്ച് പറയേണ്ടതില്ല.

ആകെ 1500ൽ അധികം പുസ്തകങ്ങൾ ഉള്ളതിനാൽ ഓരോ പുസ്തകത്തേക്കുറിച്ചും പ്രത്യേകമായി പറയാൻ ബുദ്ധിമുട്ടുണ്ട്. ക്രിസ്തീയലോകത്ത് ക്ലാസിക്കുകളായി അംഗീകാരം നേടിയിട്ടുള്ളവയാണ് എല്ലാ പുസ്തകങ്ങളും എന്ന് പൊതുവായി പറയാം. ഇവയിൽ നല്ലൊരു പങ്ക് ഇപ്പോൾ വിലയ്ക്ക് വാങ്ങാൻ പോലും കിട്ടുകയില്ല.

ഭൂരിപക്ഷം പുസ്തകങ്ങളും ഒറിജിനൽ പുസ്തകത്തിൽ നിന്ന് സ്ക്കാൻ ചെയ്ത് പി.ഡി. എഫ് ഫോർമാറ്റിൽ ആക്കിയിരിക്കുന്നു. ഏതാനും പുസ്തകങ്ങൾ ടൈപ്പ് ചെയ്ത് പി.ഡി.എഫിലോ എച്ച്.റ്റി.എം.എൽ ഫോർമാറ്റിലോ സെറ്റ് ചെയ്തിരിക്കുന്നു. ആകെ 40 സി.ഡികളിലായി, അക്ഷരമാലാ ക്രമത്തിൽ, ഒരുക്കിയിരിക്കയാണ് ഈ പുസ്തകങ്ങൾ. എല്ലാംകൂടി നാല് ലക്ഷത്തിൽ അധികം പേജുകൾ. പുസ്തകരൂപത്തിൽ വാങ്ങിയാൽ 10 ലക്ഷം രൂപയെങ്കിലും ചെലവാകും.

ഇംഗ്ലീഷ് അറിയാവുന്നവർക്ക് ഈ സി.ഡികൾ വാങ്ങി കമ്പ്യൂട്ടറിൽ ഇട്ട് ഉപയോഗിക്കാം. (ഇംഗ്ലീഷ് അറിയാത്തവരും സ്വന്തമായി കമ്പ്യൂട്ടർ ഇല്ലാത്തവരും ഈ സി.ഡികൾ വാങ്ങരുത്). ഈ സി.ഡികളേക്കുറിച്ച് കൂടുതൽ വിവരങ്ങൾ അറിയാൻ ആഗ്രഹിക്കുന്നവർ 0484-3232356, 9447414608 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

Email: tsbalan@yahoo.com

40 സി.ഡികൾ അടങ്ങുന്ന ഒരു സെറ്റിന്റെ വില 4000 രൂപയാണ്. എന്നാൽ ഇപ്പോൾ സൗജന്യ വിലയായ 1900 രൂപയ്ക്ക് 40 സി.ഡികൾ ലഭിക്കും.

സി.ഡികൾ ആവശ്യമുള്ളവർ T.S.Balan എന്ന പേരിൽ 1900 രൂപ മണിയോർഡർ/ചെക്ക്/ഡ്രാഫ്റ്റ് എടുത്ത് താഴെ കാണുന്ന വിലാസത്തിൽ അയച്ചുതരിക. പണം ഓഫീസിൽ ലഭിച്ചാലുടൻ സി.ഡികൾ കുരിയർ/സ്പീഡ് പോസ്റ്റിൽ അയച്ചുതരുന്നതാണ്. വിദേശ രാജ്യങ്ങളിലേക്ക് സ്പീഡ് പോസ്റ്റിൽ സി.ഡികൾ അയയ്ക്കും. വില US$ 100 or Rs.4000/-. ഗൾഫിലുളളവർ 1900 രൂപയും ഇന്ത്യയിലെ വിലാസവും അയയ്ക്കുക.

<u>Address:</u>

T.S.Balan
Anand Bhavan
Near: KSRTC,
Perumbavoor P.O.,
Ernakulam Dist. Pin. 683 542

# സപ്ലിമെന്റ് നൽകിയില്ലെങ്കിൽ വ്യാജവാർത്ത പരത്തുമെന്ന് വചനഘോഷണം തോമസ്കുട്ടി

ജീവിക്കാൻ മറ്റൊരു വഴിയും കാണാതാകുമ്പോൾ പെന്തക്കോസ്തുകാരൻ പാസ്റ്ററാകും. ഇപ്പോൾ ഒരു പടികൂടി കടന്നിരിക്കുന്നു: നാലു കാശുണ്ടാക്കണമെന്നു മോഹമുള്ളവനെല്ലാം പത്രം തുടങ്ങും. അങ്ങനെ പത്രം തുടങ്ങിയവരിൽ ഒരാളാണ് വചനഘോഷണം തോമസ്കുട്ടി. മലയാളത്തിൽ എത്ര അക്ഷരമുണ്ടെന്ന് ഈ ചങ്ങാതിക്ക് അറിഞ്ഞുകൂടാ. എങ്കിലും വചനഘോഷണം പൊടിപൂരമായി നടത്തുന്നു.

വിളിച്ചാലും വിളിച്ചില്ലെങ്കിലും സദ്യകൾക്കെല്ലാം ഉണ്ണാൻ ചെല്ലുന്ന ചിലരുണ്ട്. അതുപോലെ, ഈ ഭൂമിമലയാളത്തിലുള്ള ഏതു കൺവെൻഷനും തോമസ്കുട്ടിയെത്തും. കൺവെൻഷന് സപ്ലിമെന്റിറക്കുകയും ചെയ്യും.

മഹാനായ ഈ പത്രാധിപർ ഒന്നാംതരം ഗുണ്ടകൂടിയാണ്. പരസ്യം കൊടുത്തില്ലെങ്കിൽ വ്യാജവാർത്ത പ്രസിദ്ധീകരിക്കും. നെടുങ്ങാടപ്പള്ളിയിലുള്ള ഒരു ബൈബിൾ കോളേജ് ഇയാൾക്ക് പരസ്യം കൊടുക്കാതിരുന്നപ്പോൾ നെടുങ്ങാടപ്പള്ളിയിൽ സാത്താൻ സഭ എന്ന തലക്കെട്ടോടെ വാർത്ത കൊടുത്തു.

ബോങ്കെയുടെ ക്രൂസേഡ് നടത്തുന്നവരെ ഈ ചങ്ങാതി ഈയിടെ വിളിച്ചു. ക്രൂസേഡിന്റെ ഒരു സപ്ലിമെന്റ് വചനഘോഷണത്തിനു തരണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. പക്ഷേ സുവിശേഷവേലയ്ക്കു ദൈവമക്കൾ സംഭാവനയായി നൽകുന്ന പണം വചനഘോഷണം പോലുള്ള ലൊടുക്കൂസ് പത്രത്തിന് സപ്ലിമെന്റ് കൊടുത്ത് പാഴാക്കാനാവില്ലല്ലോ. അതുകൊണ്ട് സംഘാടകർ സപ്ലിമെന്റ് നൽകാനാവില്ലെന്ന് അറിയിച്ചു. അതോടെ തോമസ്കുട്ടിയുടെ വിധം മാറി. തനിക്കു സപ്ലിമെന്റ് നൽകാതെ ക്രൂസേഡ് നടത്താൻ സംഘാടകരെ വെല്ലുവിളിച്ചു. ക്രൂസേഡ് നടക്കുന്ന സ്ഥലത്ത് സുവിശേഷവിരോധികൾ ബോംബ് വെയ്ക്കാൻ ആലോചിക്കുന്നു എന്ന് വാർത്ത പ്രസിദ്ധീകരിക്കുമെന്നും ഭീഷണിപ്പെടുത്തി. ബോംബ് പൊട്ടുമെന്നു കേട്ടു ഭയന്ന് ജനം ക്രൂസേഡിനു പോകാതിരിക്കുമല്ലോ. പക്ഷേ ഇത്തരം കിംവദന്തികൾ കെട്ടിച്ചമച്ച് പ്രസിദ്ധീകരിച്ചാൽ പോലീസിന്റെ ഇടികിട്ടുമെന്ന് കൂട്ടക്ഷരവൈരിയായ തോമസ്കുട്ടിക്ക് അറിഞ്ഞുകൂടാ.

# ബഥേൽ പി. ജേക്കബ് മറുപടി പറയണം

ബഥേൽ പി. ജേക്കബിനെ അറിയാത്തവർ ഏറെയുണ്ടാകില്ല. ഊതിവീഴ്ത്ത്, ഉന്തിവീഴ്ത്ത് തുടങ്ങിയവ ഉൾപ്പെടെയുള്ള സകല തരികിട പരിപാടികളും നടത്തുന്ന വ്യാജ ഉണർവ്വുവീരനാണ് ഈ കക്ഷി. അമേരിക്കയിലാണ് താമസമെങ്കിലും ഇദ്ദേഹത്തിന് ഇന്ത്യയുടെ പല ഭാഗങ്ങളിലും പ്രവർത്തനമുണ്ട്.



ഇദ്ദേഹത്തേക്കുറിച്ച് ഇപ്പോൾ ഇന്ത്യയിലും വിദേശത്തും പരക്കുന്ന ഒരു കഥയുണ്ട്. വെറും കെട്ടുകഥയല്ല ദൃക്സാക്ഷികളുള്ള സംഭവമാണ്. സംഗതി ചുരുക്കി പറയാം. സുവിശേഷ പ്രസംഗവുമായി ഇദ്ദേഹം ഗുജറാത്തിലെത്തി. അവിടെയുള്ള സഹോദരങ്ങൾ മാന്യമായ താമസസൗകര്യമൊക്കെ ഒരുക്കിയിരുന്നെങ്കിലും ഇദ്ദേഹം അവിടെ താമസിച്ചില്ല. താൻ ഒരു ഹോട്ടലിൽ മുറിയെടുത്തിട്ടുണ്ടെന്നും യോഗത്തിന് കൃത്യമായി എത്തിക്കൊള്ളാമെന്നും അറിയിച്ചു. പക്ഷേ ഏതു ഹോട്ടലിലാണ് താമസമെന്നുമാത്രം പറഞ്ഞില്ല.

ബഹുജനം പലവിധമാണല്ലോ. ബഥേലിനെ ദൈവത്തേപ്പോലെ കാണുന്നവരുണ്ടെങ്കിലും സംശയിക്കുന്ന തോമസുമാർ എവിടെയും ഉണ്ടാകുമല്ലോ. അത്തരത്തിലുള്ള ഒരു തോമസ് അതീവ രഹസ്യമായി ഒരു അന്വേഷണം നടത്തി ബഥേൽ താമസിക്കുന്ന ഹോട്ടലും മുറിയും കണ്ടെത്തി. രണ്ടും കല്പിച്ച് വാതിലിൽ മുട്ടി. മുട്ടുവിൻ തുറക്കപ്പെടും എന്നാണല്ലോ വചനം. ബഥേൽ വാതിൽ തുറന്നു. തോമസ് അകത്തേക്കു നോക്കി. അവിടെ അതാ ഒരു സ്ത്രീ. മദ്ധ്യപ്രദേശുകാരിയാണെന്ന് അന്വേഷണത്തിൽ വ്യക്തമായി. ഇവരോടൊപ്പമാണ് ബഥേൽ ഹോട്ടലിൽ താമസിക്കുന്നത്. (ശേഷം ചിന്ത്യം).

ബഥേൽ പി. ജേക്കബ്ബിനോടു ഡിഫെൻഡർ ചോദിക്കുന്നത് ഇതാണ്: എന്താണ് അവിടെ നടന്നത്? ഉണർവ്വുമായി ഉലകം മുഴുവൻ നടക്കുന്ന നിങ്ങൾ എങ്ങനെ ഇത്ര അധ:പതിച്ചു? നിങ്ങൾക്കു നാണമില്ലേ മനുഷ്യാ?

# പ്രശ്നം തീർക്ക് ഫിലിപ്പേ

ഏതാനും ആഴ്ചകൾക്കു മുൻപ് സ്വർഗ്ഗീയധ്വനിയുടെ ഡിസ്ക്കഷൻ ബോർഡിൽ ഒരു പരാതികണ്ടു. സൗദിയിലുള്ള ഒരു സഹോദരൻ എഴുതിയതാണ്. ഒരു ഗ്രാഫിക് ഡിസൈനറായ തന്നെ ഒരു പെന്തക്കോസ്ത് നേതാവ് കബളിപ്പിച്ചു എന്നാണ് പരാതിയിൽ പറഞ്ഞിരുന്നത്. എന്താണ് സംഭവം എന്നറിയാൻ ഡിഫെൻഡർ ഈ സഹോദരനുമായി ബന്ധപ്പെട്ടു. ജിദ്ദയിലുള്ള ഒരു ഇംഗ്ലീഷ് ആരാധനയ്ക്ക് നേതൃത്വം കൊടുക്കുന്ന ഫിലിപ്പ് എന്ന വ്യക്തി ഈ സഹോദരനെ ഒരു ബ്രോഷർ ഡിസൈൻ ചെയ്യാൻ ഏല്പിച്ചു. പേജിന് 150 റിയാൽ നിരക്കിൽ 30 പേജുകൾ. പക്ഷേ പണി ചെയ്തു തീർന്നിട്ടും പണം കൊടുത്തില്ല. രണ്ടു വർഷത്തോളമായി പലവിധ ഒഴിവുകഴിവുകൾ പറഞ്ഞ് കബളിപ്പിക്കുന്നു. ഇതാണ് സംഭവം.

സംഗതി നന്നായിരിക്കുന്നു എന്നല്ലാതെ എന്തു പറയാൻ. ഏതായാലും ഫിലിപ്പ് പാസ്റ്ററോട് ഡിഫെൻഡറിനു പറയാനുള്ളത് ഇതാണ്: ജനുവരി 10ന് അകമായി ഈ പ്രശ്നം രമ്യമായി പരിഹരിക്കുക. അങ്ങനെ ചെയ്തില്ലെങ്കിൽ ദു:ഖിക്കേണ്ടതായിവരും.

# അവാർഡിന്റെ പരസ്യബന്ധം

പരസ്യവും അവാർഡും തമ്മിൽ എന്തുബന്ധം? ഒരു ബന്ധവുമില്ല എന്നാണ് പറയാൻ പോകുന്നതെങ്കിൽ മോനായിയുടെ പത്രമായ സുഭാഷിതം 2007ൽ പ്രസിദ്ധീകരിച്ച 12 ലക്കങ്ങളും നോക്കുക. അതിൽ കാണുന്ന പരസ്യങ്ങളുടെ ഒരു ലിസ്റ്റ് ഉണ്ടാക്കിയിട്ട് മോനായി ഏതാനും മാസം മുൻപു കൊടുത്ത 20 അവാർഡുകൾ ലഭിച്ചവരുടെ പേരുമായി ഒത്തു നോക്കുക. എന്തെങ്കിലും കാണുന്നുണ്ടോ? ഉണ്ടാകുമല്ലോ. അതാണു മാളോരെ അവാർഡിന്റെ പരസ്യബന്ധം.

# അച്ചൻകുഞ്ഞ് പറഞ്ഞതു ശരി

മരുപ്പച്ചയുടെ എഡിറ്ററായ അച്ചൻകുഞ്ഞ് ഇലന്തൂർ നല്ലൊരു അജ്ഞനാണെങ്കിലും ഇടയ്ക്കൊക്കെ ചില നല്ലകാര്യങ്ങളും പറയും. ഇത്തരം ഒരെണ്ണം മരുപ്പച്ചയുടെ ഡിസംബർ 20 ലക്കത്തിലെ എഡിറ്റോറിയലിലുണ്ട്. അച്ചൻകുഞ്ഞ് പറയുന്നു:

''സുവിശേഷ പ്രവർത്തകർ ഏറ്റവും മാന്യമായ ഭാഷയിൽ സംസാരിക്കണം. വാചക കസർത്തു നടത്താനുള്ള വേദിയല്ലിതെന്ന തിരിച്ചറിവുണ്ടാകണം. അങ്ങാടിക്കച്ചവടക്കാരൻ രോഗങ്ങളുടേയും പച്ചമരുന്നുകളുടേയും ലിസ്റ്റ് പറയുന്നതുപോലെയാകരുത് വചനഘോഷണം. പ്രാസപ്രയോഗങ്ങൾ കൊണ്ട് ജനങ്ങളുടെ തലയ്ക്കടിക്കാതിരിക്കുക. അറിയാവുന്ന വാക്കുകളെല്ലാംകൂടി കുഴച്ചുമറിച്ചു വിളമ്പുന്നതാണോ സാഹിത്യം? ആരേപ്പറ്റി പറയുന്നു, എന്തിനേപ്പറ്റി സംസാരിക്കുന്നു, പ്രസംഗം കേൾക്കുന്നവർക്ക് ഇതു മനസ്സിലാകണം. വിഷയവുമായി ബന്ധമുള്ള കാര്യങ്ങൾ മാത്രം സംസാരിക്കുക.'' സംഗതി കൊള്ളാം അച്ചൻകുഞ്ഞേ. പറഞ്ഞത് തികച്ചും ശരി. നൂറു മാർക്ക്. പക്ഷേ ഒരു സംശയം: വളരെ അപൂർവ്വമായി മാത്രമേ അച്ചൻകുഞ്ഞിന് ഇങ്ങനെയൊക്കെ പറയാൻ കഴിയുന്നുള്ളല്ലോ. എന്താ പ്രശ്നം?

# മക്കയ്ക്കു പോയാൽ ഹാജി യരൂശലേമിൽ പോയാൽ പോയി

എല്ലാ മുസ്ലീങ്ങളും ജീവിതത്തിൽ ഒരിക്കലെങ്കിലും മക്കയ്ക്കു പോകണമെന്നാണ് ചട്ടം. ഹജ്ജ് എന്നാണ് ഈ തീർത്ഥാടനത്തിനു പേര്. ഹജ്ജ് നടത്തിക്കഴിഞ്ഞാൽ പേരിനോടൊപ്പം ഹാജി എന്നുകൂടി ചേർക്കാം.

വീണ്ടുംജനനം പ്രാപിച്ച ക്രിസ്ത്യാനിക്ക് തീർത്ഥമില്ല, അതുകൊണ്ട് തീർത്ഥാടനവുമില്ല. പക്ഷേ പാലസ്റ്റീൻ നാട് സന്ദർശിക്കുന്നത് ഒരു തീർത്ഥാടനംപോലെയായിരിക്കയാണ്. ആ പ്രദേശമൊക്കെ ഒന്നു കാണുന്നത് തെറ്റല്ലെങ്കിലും ഈ യാത്രക്ക് ആത്മീയ പരിവേഷം നൽകുന്നത് ഭാവിയിൽ ദോഷം ചെയ്യും.

പി.സി.ഐയുടെ നേതൃത്വത്തിലാണ് അടുത്ത കാലത്ത് ഏറ്റവും ആഘോഷമായി പാലസ്റ്റീൻ യാത്ര നടത്തിയത്. വേണ്ടതിലധികം പണമുള്ള പെന്തക്കോസ്ത് നേതാക്കൻമാരായിരുന്നു യാത്രാസംഘത്തിൽ ഭൂരിപക്ഷം. ഈ സംഘത്തിലുണ്ടായിരുന്ന പലരും മടങ്ങിയെത്തിയശേഷം യാത്രാവിവരണവധം എഴുതുകയും ചെയ്തു.

ശബരിമലയ്ക്കു പോയി പരിചയം സിദ്ധിച്ചു കഴിയുമ്പോൾ ഗുരുസ്വാമിയാകും. പിന്നീട് കന്നിക്കാർ ഈ ഗുരുസ്വാമിയുടെ നേതൃത്വത്തിലാകും യാത്ര. പാലസ്റ്റീൻ യാത്രയിലും ഈ രീതി സ്വീകരിച്ചുകഴിഞ്ഞു. ഒരിക്കൽ പാലസ്റ്റീനിൽ പോയിട്ടുവന്നാൽ പാലസ്റ്റീൻ സന്ദർശന സംഘം രൂപീകരിക്കും. വ്യാപകമായി പരസ്യം നൽകി ആളെ കൂട്ടും. ഇപ്പോൾ ഈ വിധത്തിലുള്ള നിരവധി സംഘങ്ങളുണ്ട്.

ഹജ്ജിനു പോയി വന്നവർ ഹാജി ആകുന്നതുപോലെ പാലസ്റ്റീൻ നാട്ടിൽ പോയി വന്നവർക്കും ഒരു പേരുവേണം. പേരിന് അർത്ഥമുണ്ടായിരിക്കണം. പറയാൻ എളുപ്പമുള്ളതായിരിക്കണം ആ വാക്ക്. അതുകൊണ്ട് അക്ഷരങ്ങളുടെ എണ്ണം പരമാവധി കുറയ്ക്കണം. ഹാജി എന്നതുമായി യോജിക്കുന്ന വാക്കായാൽ നന്ന്. ഇത്തരം ഒരു വാക്ക് സകല പെന്തക്കോസ്തുകാരുംകൂടി കണ്ടെത്തണം. ഏതായാലും ഡിഫെൻഡർ ഒരു നിർദ്ദേശം വയ്ക്കാം: ''പോയി''. രണ്ടക്ഷരമേയുള്ളൂ. പറയാൻ എളുപ്പം. ഹാജി എന്ന വാക്കുമായി യോജിക്കും. പാലസ്റ്റീനിൽ പോയി എന്ന അർത്ഥവുമുണ്ട്. അച്ചൻകുഞ്ഞ് പോയി, റസ്സൽ പോയി, വടക്കേക്കുറ്റ് പോയി എന്നിങ്ങനെ വിളിക്കയും ചെയ്യാം.

# നൻമ ഇങ്ങനേയും

ഒരു യാത്രക്കാരന്റെ പോക്കറ്റിൽ നിന്നും വീണുപോയ പണം എടുത്തു കൊടുത്ത സഹോദരനേക്കുറിച്ച് കഴിഞ്ഞലക്കം ഡിഫെൻഡറിൽ എഴുതിയിരുന്നല്ലോ. ഇത്തവണയും ഇത്തരം ഒരു നൻമയേക്കുറിച്ച് എഴുതുകയാണ്. ബാംഗ്ലൂരിൽ ജോലി ചെയ്യുന്ന ഒരു സഹോദരൻ ഏതാനും ദിവസം മുൻപ് റ്റി.എസ്.ബാലൻ എന്ന ഈയുള്ളവന്റെ വീട്ടിൽ വന്നു. ആരോ ഒരാൾ അദ്ദേഹത്തിന് എന്റെ സീഡികൾ കോപ്പി ചെയ്ത് കൊടുത്തു. പക്ഷേ സിഡി ഉണ്ടാക്കിയ എനിക്ക് പണം തന്നില്ലെങ്കിൽ ശരിയല്ലെന്ന് അദ്ദേഹത്തിനു തോന്നി. അതുകൊണ്ട് പണം നൽകാൻ വന്നതാണ്. സിഡിയുടെ വില തന്നിട്ട് അദ്ദേഹം മടങ്ങിപ്പോയി. ഇങ്ങനേയും ചിലർ ഈ ലോകത്തുണ്ട് സഹോദരങ്ങളേ.



# മാനനഷ്ടം ഉണ്ടാകുന്നതെങ്ങനെ?

''ഇങ്ങനെയൊക്കെ എഴുതിയാൽ മാനനഷ്ടക്കേസ്സ് ഉണ്ടാകില്ലേ'' എന്ന് ഡിഫെൻഡറിന്റെ വായനക്കാരിൽ പലരും ചോദിക്കാറുണ്ട്. ''ഇല്ല'' എന്നതാണ് അതിനുള്ള ഉത്തരം. കഴിഞ്ഞ പത്തു വർഷമായി ഡിഫെൻഡർ ഈ വിധത്തിൽ എഴുതിക്കൊണ്ടിരിക്കയാണ്. എന്നിട്ടും മാനഷ്ടക്കേസ്സ് ഉണ്ടായില്ല. എന്തുകൊണ്ട്? ഡിഫെൻഡറിന്റെ എഴുത്തുമൂലം ആർക്കും മാനനഷ്ടം ഉണ്ടായിട്ടില്ല എന്നതുതന്നെ കാരണം. വിശദീകരിക്കാം:

എന്താണു മാനനഷ്ടം എന്ന് ഇന്ത്യൻ പീനൽ കോഡിന്റെ 499-ാം വകുപ്പിൽ വിശദമായിത്തന്നെ പറയുന്നുണ്ട്. സത്യസന്ധമായതും പൊതുതാല്പര്യമുള്ളതുമായ വിഷയം ഉത്തമ ബോദ്ധ്യത്തോടെ എഴുതുന്നത് മാനനഷ്ടമല്ല. എഴുതുന്ന കാര്യം സത്യസന്ധമാണോ? പൊതുതാല്പര്യമുള്ള വിഷയമാണോ? ഉത്തമ വിശ്വാസത്തോടെയാണോ എഴുതുന്നത്? ഈ മൂന്നു ചോദ്യങ്ങൾക്ക് ''അതെ'' എന്ന ഉത്തരം പറയാനാകുമെങ്കിൽ എഴുതാം. മാനനഷ്ടമുണ്ടാകില്ല.

ചില ഉദാഹരണങ്ങൾ കൊണ്ട് ഇതു വ്യക്തമാക്കാം:

ടി.എസ്.ഏബ്രഹാം വ്യഭിചാരം തൊഴിലാക്കിയ ആളാണെന്നും കുളത്തൂപ്പുഴക്കാരിയെ ഉൾപ്പെടെ നിരവധി പെൺകുട്ടികളെ നശിപ്പിച്ചവനാണെന്നും ഡിഫെൻഡർ പലവട്ടം എഴുതി. പക്ഷേ മാനനഷ്ടക്കേസ്സ് കൊടുക്കാനുള്ള ധൈര്യം ടി.എസ്.ഏബ്രഹാമിനുണ്ടായില്ല. എന്തുകൊണ്ട്? ഡിഫെൻഡർ എഴുതിയത് പൂർണ്ണമായും സത്യമാണ്. ഐ.പി.സിയുടെ ഏറ്റവും വലിയ നേതാവിന്റെ വിക്രിയ പൊതുതാല്പര്യമുള്ള വിഷയമാണ്. ഉത്തമ വിശ്വാസത്തോടെയാണ് ഡിഫെൻഡർ ഇതെഴുതിയത്.

കെ.സി.ജോൺ സ്വന്തം അമ്മായിയമ്മയെ വരെ ഭാര്യയാക്കിയ നീചനാണെന്ന് ഡിഫെൻഡർ എഴുതി. ശാരോൻ നേതാവായ സി.വി.ജോൺ സ്വന്തം മകളെ ഭാര്യയാക്കിയവനാണെന്നും എഴുതി. പക്ഷേ ഇവർക്ക് മാനനഷ്ടക്കേസ്സ് കൊടുക്കാൻ ധൈര്യമുണ്ടായില്ല. കാരണം, ഡിഫെൻഡർ എഴുതിയത് സത്യമാണെന്ന് ഇവർക്കറിയാം. മാനനഷ്ടക്കേസ്സ് കൊടുത്താൽ സത്യം പുറത്തുവരും. അതോടെ ഇവരുടെ നിലനിൽപ്പ് അപകടത്തിലാകും. അതുകൊണ്ട് ഇവർ മൗനമായിരിക്കുന്നു.

റ്റി.എസ്.ബാലനെ സഭയിൽ നിന്നും പുറത്താക്കിയതാണെന്ന് മോനായി എഴുതുന്നു. ഇത് മാനനഷ്ടത്തിനു കാരണമാകുമോ? ആകും. കാരണം, ബാലനെ സഭയിൽ നിന്നും പുറത്താക്കിയിട്ടില്ല. റ്റി.എസ്.ബാലൻ പെരുമ്പാവൂർ ശാരോൻ ഫെലോഷിപ്പിലെ അംഗമാണ്. ബാലനെ ആരും നാളിതുവരെ സഭയിൽ നിന്നും പുറത്താക്കിയിട്ടില്ലെന്നും അങ്ങനെ ഒരു ആലോചന പോലും ഉണ്ടായിട്ടില്ലെന്നും സഭയിൽ നിന്നും പുറത്താക്കത്തക്ക എന്തെങ്കിലും കുറ്റം ബാലൻ ചെയ്തതായി സഭയുടെ ശ്രദ്ധയിൽ പെട്ടിട്ടില്ലെന്നും സഭയുടെ പാസ്റ്ററായ ഏബ്രഹാം ജോസഫ് എഴുതിതന്നിട്ടുണ്ട്. ഇതിന്റെ കോപ്പി മോനായിക്ക് അയച്ചുകൊടുത്തിട്ടുമുണ്ട്. അതുകൊണ്ട് മോനായി കള്ളം എഴുതിവിടുകയായിരുന്നു എന്നു വ്യക്തം. ഇത്തരം എഴുത്ത് മാനനഷ്ടത്തിനു കാരണമാകും.

അപ്പോൾ മോനായിയേക്കുറിച്ച് ഡിഫെൻഡറിൽ വന്ന വാർത്തകളോ? അവ മാനനഷ്ടത്തിനു കാരണമാകുമോ? ഇല്ല. കാരണം, അവയെല്ലാം സത്യമാണ്, പൊതുതാല്പര്യമുള്ള വിഷയമാണ്, ഉത്തമ വിശ്വാസത്തോടെയാണ് എഴുതിയത്. ഉദാഹരണമായി, മോനായി സാഹിത്യമോഷണം നടത്തുന്ന ആളാണെന്ന് ഡിഫെൻഡർ എഴുതി. അത് തികച്ചും ശരിയാണ്. ഏതു കോടതിയിലും അത് തെളിയിക്കാനാകും. അവാർഡിന്റെ പേരിൽ മോനായി നടത്തുന്ന തട്ടിപ്പുകളേക്കുറിച്ചും ഡിഫെൻഡർ എഴുതി. ആ വാർത്തകൾ സത്യമാണ്. വേണ്ട തെളിവുകളുമുണ്ട്.

സുഭാഷിതത്തിന് അഞ്ചുലക്ഷം വായനക്കാരുണ്ടെന്ന് മോനായി പറഞ്ഞു. പക്ഷേ വെറും 2500 കോപ്പികൾ മാത്രമേ അടിക്കുന്നുള്ളൂ എന്നതിന് തെളിവുണ്ട്. അതുകൊണ്ട് ഈ തട്ടിപ്പിനെതിരെ പ്രതികരിച്ചു. വായനക്കാരുടെ എണ്ണം മോനായിതന്നെ പിന്നീട് ഒരുലക്ഷമായി കുറച്ചു. അതും കള്ളമാണെന്നു വ്യക്തം. മോനായിയുടെ പത്രത്തിന്റെ ഓരോ കോപ്പിയും ശരാശരി 40 ആളുകൾ വായിച്ചാലേ ഒരുലക്ഷം വായനക്കാരുണ്ടാകൂ. മനോരമയുടെ ഒരുകോപ്പി കഷ്ടിച്ച് ആറു പേർ മാത്രമാണു വായിക്കുന്നതെന്ന് മനോരമതന്നെ പറയുമ്പോഴാണ് മോനായിയുടെ പത്രത്തിന്റെ ഓരോ കോപ്പിയും 40 പേർ വായിക്കുന്നതായി അവകാശവാദമുന്നയിക്കുന്നത്. പരസ്യം നൽകുന്നവരെ കബളിപ്പിക്കാനാണ് ഈ കള്ളക്കണക്കു പറയുന്നതെന്നു വ്യക്തം. അതുകൊണ്ട് ഈ വിഷയവുമായി ബന്ധപ്പെട്ട് മോനായിക്ക് മാനനഷ്ടക്കേസ്സ് കൊടുക്കാനാവില്ല.

മറ്റൊരു ഉദാഹരണം പറയാം. ചില വർഷങ്ങൾക്കു മുൻപ് തിരുവല്ലയിലുള്ള ഒരു ബുക്ക് സ്റ്റാളിൽ പുസ്തകം വാങ്ങാൻ എത്തിയവർ കണ്ടത് ''എ'' പടത്തെ വെല്ലുന്ന സീനാണ്. ബുക്ക് സ്റ്റാളിന്റെ ഉടമസ്ഥനായ പാസ്റ്റർ ഗൾഫ് പര്യടനം നടത്തുകയായിരുന്നു. അതുകൊണ്ട് ഭാര്യയായിരുന്നു ബുക്ക് സ്റ്റാളിന്റെ ഭരണം നടത്തിയിരുന്നത്. പുസ്തകം വാങ്ങാനെത്തിയ ആൾ കണ്ടത് ഈ സ്ത്രീ ഒരു സഭാനേതാവിനോടൊപ്പം വാൽസ്യായനകല പരീക്ഷിക്കുന്നതാണ്. ഇതിനു സമാനമായ ഒരു കാഴ്ച മറ്റൊരാളും പിന്നീടുകണ്ടു. ഈ സംഭവത്തേക്കുറിച്ച് ഡിഫെൻഡർ എഴുതിയാൽ ആരുടേയും മാനം താഴെവീഴുകയില്ല. കാരണം, ഈ സംഭവത്തിനു ദൃക്സാക്ഷികളുണ്ട്. ഏതു കോടതിയിലും സാക്ഷി പറയാൻ ഇവർ തയ്യാറുമാണ്. മാനനഷ്ടക്കേസ്സുമായി പോയാൽ ഉള്ള മാനംകൂടി പോകും.

തനിക്ക് അപമാനകരമായ വാർത്തകൾ പ്രസിദ്ധീകരിക്കുന്നു എന്നാരോപിച്ച് ഒരു വ്യക്തിക്ക് ഏതെങ്കിലും പ്രസിദ്ധീകരണത്തിനെതിരെ പോലീസിൽ പരാതി കൊടുക്കാൻ സാധിക്കുമോ? ഇല്ല. കാരണം, മാനനഷ്ടക്കേസ്സിൽ പോലീസിന് ഇടപെടാൻ അധികാരമില്ല.

അപമാനകരമായ വാർത്തകൾ പ്രസിദ്ധീകരിക്കുന്നു എന്നാരോപിച്ച് ഏതെങ്കിലും പത്രത്തിനെതിരെ മുഖ്യമന്ത്രിക്കോ പ്രധാനമന്ത്രിക്കോ പരാതി കൊടുക്കാമോ? പരാതി കൊടുക്കാം, പക്ഷേ ഒരു നടപടിയും ഉണ്ടാകില്ല എന്നുമാത്രം. ഇത്തരം കാര്യങ്ങളിൽ ഇടപെടാൻ മന്ത്രിമാർക്ക് അധികാരമില്ല.

പത്രത്തിൽ അശ്ലീലം എഴുതിവിടുന്നു എന്നാരോപിച്ച് പോലീസിനോ മറ്റ് അധികാരികൾക്കോ പരാതി കൊടുക്കാമോ? കൊടുക്കാം. പക്ഷേ അശ്ലീലമെന്നാൽ എന്ത് എന്ന് ഇന്ത്യൻ ശിക്ഷാനിയമത്തിൽ വിശദമായിത്തന്നെ പറയുന്നുണ്ട്. അത് ഒരു വട്ടമെങ്കിലും വായിച്ചിട്ട് പരാതി കൊടുക്കുക. അല്ലെങ്കിൽ കുറെ കടലാസ് വേസ്റ്റാകും. ഉദാഹരണത്തിന്, റ്റി.എസ്.ഏബ്രഹാം വ്യഭിചാരിയാണ് എന്ന് എഴുതിയാൽ അശ്ലീലമാകില്ല. സഭാനേതാവിനോടൊപ്പം പാസ്റ്ററുടെ ഭാര്യ ബുക്ക് സ്റ്റാളിൽ ഇരുന്നു വ്യഭിചരിച്ചു എന്നെഴുതിയാലും അശ്ലീലമാകില്ല. ആ വകയിൽ മേല്പടി പാസ്റ്റർക്ക് ഒരു കൊച്ചു ലാഭമുണ്ടായി എന്നു പറയുന്നതും അശ്ലീലമല്ല. സത്യം പുറത്തായതുകൊണ്ട് പാസ്റ്റർക്കും വ്യഭിചരിച്ച ഭാര്യയ്ക്കും സഭാനേതാവിനും ദു:ഖമുണ്ടായേക്കാം. പക്ഷേ ഇത്തരം ദു:ഖത്തിനു പരിഹാരം വരുത്താനുള്ള വകുപ്പ് ഈ രാജ്യത്തെ നിയമത്തിലില്ല.

അപമാനകരമായി എഴുതുന്നത് നിരോധിക്കണം എന്ന് ആവശ്യപ്പെട്ട് ഏതെങ്കിലും പ്രസിദ്ധീകരണത്തിനെതിരെ ഒരാൾക്ക് കേസ്സ് കൊടുക്കാൻ പറ്റുമോ? കേസ്സ് കൊടുക്കാം. കുറച്ചുകാലം കേസ്സ് കോടതിയിൽ നടക്കുകയും ചെയ്യും. പക്ഷേ ഫലമുണ്ടാകില്ല. എഴുതുന്നത് നിരോധിക്കാൻ വകുപ്പില്ല. എഴുതിക്കഴിഞ്ഞ് മാനനഷ്ടത്തിനു കേസ്സ് കൊടുക്കാം. പക്ഷേ മാനമുണ്ടോ എന്ന് കേസ്സ് കൊടുക്കുന്നതിനു മുൻപ് പരിശോധിക്കുന്നത് നന്നായിരിക്കും എന്നുമാത്രം. (മാനം എന്നതുകൊണ്ട് മുകളിൽ കാണുന്ന മാനമെന്നല്ല അർത്ഥമാക്കുന്നത്).

പത്രസ്വാതന്ത്ര്യമുള്ള രാജ്യമാണ് ഇന്ത്യ. സത്യസന്ധമായതും പൊതുതാല്പര്യമുള്ളതുമായ കാര്യങ്ങൾ ഉത്തമ വിശ്വാസത്തോടെ എഴുതാവുന്നതാണ്. പക്ഷേ പച്ചക്കള്ളം എഴുതിവിട്ടാൽ പ്രശ്നമാകും. ബാലനെ സഭയിൽ നിന്നു പുറത്താക്കി എന്ന് എഴുതിയതിലൂടെ മോനായി ചെയ്തത് ഈ വിധത്തിലുള്ള നിയമലംഘനമാണ്.



## ഡിഫെൻഡർ ആയുഷ്ക്കാല വരിസംഖ്യ സ്വീകരിക്കുന്നു

അഭ്യുദയകാംക്ഷികളുടെ നിരന്തരമായ അഭ്യർത്ഥന മാനിച്ച് ഡിഫെൻഡർ ആയുഷ്ക്കാല വരിസംഖ്യ സ്വീകരിക്കാൻ തീരുമാനിക്കുകയാണ്. (ആയുഷ്ക്കാലം എന്നതുകൊണ്ട് വരിക്കാരന്റെ ആയുഷ്ക്കാലമെന്നല്ല റ്റി.എസ്.ബാലന്റെ ആയുഷ്ക്കാലമെന്നാണ് അർത്ഥമാക്കുന്നതെന്ന് വ്യക്തമാക്കട്ടെ. കാരണം, റ്റി.എസ്.ബാലൻ മരിക്കുന്നതോടെ ഡിഫെൻഡറും ഇല്ലാതാകും.)

ഡിഫെൻഡറിന്റെ ആയുഷ്ക്കാല വരിക്കാരാകുവാൻ ആഗ്രഹിക്കുന്നവർ 1000 (ആയിരം) രൂപ രണ്ടാം പേജിൽ കാണുന്ന വിലാസത്തിൽ ചെക്ക്/ഡി.ഡി/മണിയോഡർ അയയ്ക്കുക. ചെക്ക്/ഡി.ഡി. എന്നിവ T.S.Balan എന്ന പേരിൽ മാത്രം എടുക്കാൻ ശ്രദ്ധിക്കുക. കൂടുതൽ വിവരങ്ങൾക്ക്:

**Ph: 0484-3232356. Mob: 9447414608**

# കിട്ടാനുള്ളതു കിട്ടാതെ അവറാച്ചൻ വിടകൊള്ളില്ല

കിട്ടാനുള്ളതു കിട്ടാതെ കിട്ടൻ വിടകൊള്ളില്ല എന്ന് പറഞ്ഞതുപോലെയാണ് കെ.എ.ഏബ്രഹാമിന്റെ കാര്യം. വെറുതെ വിടാമെന്നു വച്ചാലും ഇയാൾ അടി ചോദിച്ചുവാങ്ങും. സംശയമുള്ളവർ ഹാലേലൂയ്യായുടെ ഡിസംബർ 15 ലക്കം നോക്കുക.

ദേശീയപതാകയ്ക്ക് വികലമായ വ്യാഖ്യാനം നൽകി അപമാനിച്ച സംഭവം വിവാദമായതോടെ കെ.എ.ഏബ്രഹാം ശരിക്കും പേടിച്ചു. എങ്ങനെയെങ്കിലും രക്ഷപ്പെടാനുള്ള തന്ത്രത്തിന്റെ ഭാഗമായി ഡിഫെൻഡറിന് കത്തയയ്ക്കയും ചെയ്തു. ആ കത്ത് കഴിഞ്ഞലക്കം ഡിഫെൻഡറിൽ പ്രസിദ്ധീകരിച്ചിരുന്നല്ലോ. ആ കത്തു വായിച്ചാൽ കെ.എ.ഏബ്രഹാം സർവ്വാപരാധവും ഏറ്റു പറഞ്ഞ് ക്ഷമചോദിക്കയാണ് എന്നുതോന്നും. പക്ഷേ അതൊരു തന്ത്രമായിരുന്നു എന്നു മനസ്സിലാക്കുന്നത് ഹാലേലൂയ്യാ വായിക്കുമ്പോഴാണ്. നല്ലവാക്കു പറഞ്ഞ് ഡിഫെൻഡറിനെ കബളിപ്പിച്ച ശേഷം ഹാലേലൂയ്യായിലൂടെ കെ.എ.ഏബ്രഹാം വീരപുരുഷൻ ചമയുകയാണ്. ഇതാ ചില ഉദാഹരണങ്ങൾ:

''2004 ഓഗസ്റ്റ് 8-ാം തീയതി ചിങ്ങവനത്തുവച്ച് പ്രസംഗിച്ച ഒരു പ്രസംഗത്തിലാണ് ദേശീയപതാകയേക്കുറിച്ച് ഞാൻ പരാമർശിച്ചത്. മൂന്നു വർഷമായി ആയിരങ്ങൾ കേട്ട പ്രസംഗം ഇന്ന് വിമർശിക്കപ്പെടുന്നു. കാരണം ദുരൂഹം.'' ഇതാണ് കെ.എ.ഏബ്രഹാം പറയുന്നത്. ഒന്നാമതായി കെ.എ.ഏബ്രഹാം ഈ വിഡ്ഢിത്തം ചിങ്ങവനത്തു മാത്രമല്ല പ്രസംഗിച്ചിട്ടുള്ളത്. കെ.എ.ഏബ്രഹാമിന്റെ സ്ഥിരം പ്രസംഗവിഷയങ്ങളിൽ ഒന്നാണിത്. നൂറുകണക്കിനു സ്റ്റേജുകളിൽ ഈ വിവരക്കേട് എഴുന്നെള്ളിച്ചിട്ടുണ്ട്. ഈ പ്രസംഗം ഇപ്പോൾ വിവാദമായതിൽ ദുരൂഹതയൊന്നുമില്ല എന്നതാണ് വസ്തുത. കെ.എ.ഏബ്രഹാം അത്യുഗ്രൻ പണ്ഡിതനാണെന്നു തെറ്റിദ്ധരിച്ചിരുന്ന ജനം ഇദ്ദേഹത്തെ ചോദ്യം ചെയ്യാൻ ധൈര്യപ്പെട്ടിരുന്നില്ല. എന്നാൽ ഡിഫെൻഡർ കെ.എ.ഏബ്രഹാമിന്റെ പാണ്ഡിത്യമെന്ന സോപ്പ് കുമിള പൊട്ടിച്ചതോടെ ജനം സത്യം ഗ്രഹിച്ചു. ദേശീയ പതാകയേക്കുറിച്ച് ഇയാൾ പറഞ്ഞ വിവരക്കേട് ചോദ്യം ചെയ്യാനുള്ള ധൈര്യം ആർക്കോ കിട്ടി. ആ വ്യക്തി കെ.എ.ഏബ്രഹാമിന്റെ പ്രസംഗം യൂട്യൂബിൽ കൊടുത്തു. ആയിരക്കണക്കിനാളുകൾ അതു കണ്ടു. മനോരമയിൽപ്പോലും ഇതേപ്പറ്റി പരാമർശമുണ്ടായി. ഇതെങ്ങനെ ദുരൂഹമാകും?

''ഒറ്റ വാക്കിൽപ്പോലും ഞാൻ ദേശീയപതാകയെ പരിഹസിക്കയോ അതിന്റെ വില കുറയ്ക്കുകയോ ചെയ്തിട്ടില്ല'' എന്ന് കെ.എ.ഏബ്രഹാം വാദിക്കുന്നു. കുങ്കുമവർണ്ണം ''അടിക്കാനും ഇടിക്കാനും തല്ലാനും കുത്താനും കഴിവുള്ളവരാണ്'' എന്നു പറഞ്ഞതിലൂടെ ദേശീയപതാകയെ അപമാനിക്കയല്ലേ ചെയ്തത്? ദേശീയ പതാക ''അടിക്കാനും ഇടിക്കാനും തല്ലാനും കുത്താനും കഴിവുള്ളവരെ'' പ്രോത്സാഹിപ്പിക്കയാണോ ചെയ്യുന്നത്? അങ്ങനെയുള്ളവരെ മഹത്വവത്ക്കരിക്കാനാണോ കുങ്കുമവർണ്ണം പതാകയിൽ കൊടുത്തിരിക്കുന്നത്? അതുപോലെ പച്ചനിറം ''ഇച്ചിരകാശും പുത്തനുമൊക്കെയുള്ള ആൾക്കാർ'' ആണോ? ഇതെന്തു തരം വ്യാഖ്യാനമാണ്?



''ഇതുവരെ ഒരു കേസ്സിലും അകപ്പെട്ടിട്ടില്ല. കുറ്റവാളിയായി കോടതിയിൽ പോകേണ്ടി വന്നിട്ടില്ല. പോലീസ് എന്നെ അടിച്ചിട്ടില്ല'' എന്നൊക്കെയാണ് കെ.എ.ഏബ്രഹാമിന്റെ അവകാശവാദം. ഏതു നിർഗ്ഗുണ പരബ്രഹ്മത്തിനും ഇങ്ങനെ പറയാൻ കഴിയും. പക്ഷേ ദൈവനാമത്തിനുവേണ്ടി, സത്യത്തിനുവേണ്ടി, നിലകൊണ്ടവരിൽ ഭൂരിപക്ഷത്തിനും മേല്പറഞ്ഞ അനുഭവങ്ങളിലൂടെ കടന്നുപോകേണ്ടതായി വന്നിട്ടുണ്ട്. ആറു മാസം സത്യം പറഞ്ഞപ്പോൾ യോഹന്നാൻ സ്നാപകന്റെ തലപോയി. കർത്താവായ യേശുക്രിസ്തുവിന് മൂന്നര വർഷമേ ശുശ്രൂഷിക്കാൻ കഴിഞ്ഞുള്ളൂ. ഒറ്റ പ്രസംഗംകൊണ്ട് സ്തേഫാനോസിന്റെ കഥ കഴിഞ്ഞു. വിശേഷിച്ച് ഒരു കാരണവും കൂടാതെ യാക്കോബ് കൊല്ലപ്പെട്ടു. പത്രോസും പൗലോസും മറ്റ് അപ്പോസ്തലൻമാരും അടികൊണ്ടു, നിരവധി കോടതികളിൽ കയറി, ജയിലിൽ കിടന്നു, മിക്കവരും രക്തസാക്ഷികളായി. ക്രിമിനൽ കുറ്റമൊന്നും ചെയ്തിട്ടല്ല ഇവർ ഈ വിധത്തിൽ സഹിക്കേണ്ടിവന്നത്. സത്യം പറയാൻ ധൈര്യം കാണിച്ചു എന്നതു മാത്രമാണ് ഇവർ ചെയ്ത കുറ്റം.

കെ.എ.ഏബ്രഹാമിന് എന്തുകൊണ്ട് ഈ വിധത്തിലുള്ള കഷ്ടമൊന്നും ഉണ്ടായില്ല. പ്രാസപ്രയോഗങ്ങളും വിലകുറഞ്ഞ തമാശകളും വികലമായ വ്യാഖ്യാനങ്ങളും നിറഞ്ഞ പ്രസംഗംകൊണ്ട് വിവരദോഷികളെ സന്തോഷിപ്പിക്കുന്നതല്ലാതെ സത്യസുവിശേഷം പ്രസംഗിക്കാനോ സത്യത്തിനു വേണ്ടി നിലകൊള്ളാനോ കെ.എ.ഏബ്രഹാമിന് കഴിഞ്ഞിട്ടില്ല. ഈ ചങ്ങതിമൂലം സാത്താന് ഒരു ബുദ്ധിമുട്ടും ഉണ്ടായിട്ടില്ല. അതുകൊണ്ട് സാത്താൻ കെ.എ.ഏബ്രഹാമിനെ വെറുതെ വിടുന്നു.

റ്റി.എസ്.ബാലൻ എന്ന ഈയുള്ളവൻ സിവിലും ക്രിമിനലുമായ നിരവധി കേസ്സുകളിൽ പ്രതിയാണ്. സത്യം തുറന്നു പറഞ്ഞതുമൂലം ഉണ്ടായതാണ് ഈ കേസ്സുകളെല്ലാം. കേസ്സെടുത്ത പോലീസിനും ഈ വസ്തുതകൾ അറിയാമായിരുന്നു. അതുകൊണ്ട് ഞങ്ങളെ ദേഹോപദ്രവം ഏല്പിക്കയോ ചീത്ത വിളിക്കയോ പോലും ചെയ്തില്ല. നാളെ പോലീസ് എന്നെ തല്ലിയെന്നു വരാം. പണവും രാഷ്ട്രീയ സ്വാധീനവുമുള്ളവർ എന്നെ ജയിലിലാക്കിയെന്നും വരാം. പക്ഷേ സത്യത്തിനുവേണ്ടി പോരാടുന്നതുമൂലമായിരിക്കും ഈ കഷ്ടങ്ങളെല്ലാം ഞാൻ അനുഭവിക്കുക. അതിന്റെ മഹത്വം ജനപ്രിയവിഡ്ഢികൾക്ക് അറിയാനാവില്ല.

വർഷത്തിൽ മുന്നൂറു ദിവസമെങ്കിലും സുവിശേഷവുമായി സഞ്ചരിക്കുന്ന ആളാണത്രേ കെ.എ.ഏബ്രഹാം. ദൈവസ്നേഹംകൊണ്ടല്ല ദ്രവ്യസ്നേഹം മൂലമാണ് ഇതു ചെയ്യുന്നത്. ഓടിനടന്നു പണമുണ്ടാക്കുന്നു. ഒരിടത്തും സൗജന്യമായി പ്രസംഗിക്കുന്നില്ല. പണം കണക്കുപറഞ്ഞ് എണ്ണി വാങ്ങുന്നു. തുക കുറഞ്ഞുപോയാൽ ഭള്ളുപറയുന്നു. വിലപേശി കൂലിവാങ്ങുന്നു.

ഇന്ത്യയിൽ അഞ്ചുവട്ടം ചുറ്റിയതിന്റെ കാരണവും ഇതു തന്നെ. കൺവെൻഷൻ സീസൺ കഴിഞ്ഞാൽ കെ.എ.ഏബ്രഹാമിനേപ്പോലുള്ളവർക്ക് പണിയുണ്ടാകില്ല. വിസ കിട്ടാത്തതുകൊണ്ട് അമേരിക്കക്കു പോയിട്ടില്ല. മറ്റു വിദേശ രാജ്യങ്ങളിൽ പോകാൻ സാധിച്ചാൽ പോകും. അതിന് പറ്റിയില്ലെങ്കിൽ ഒരു അഖിലേന്ത്യാ പര്യടനം നടത്തും. പണം തന്നെ ലക്ഷ്യം. ഉത്തരേന്ത്യൻ ഭക്ഷണം പിടിക്കാത്തതുകൊണ്ട് ടീം അംഗങ്ങൾ സ്വയം ഭക്ഷണം പാകം ചെയ്തു കഴിക്കും.

പെന്തക്കോസ്ത് സഭകൾ എവിടെയുണ്ട് എന്ന് അന്വേഷിച്ചാണ് യാത്ര. ഏതെങ്കിലും സഭ കണ്ടെത്തിയാൽ അവിടെ കയറും. താമസസൗകര്യവും ഭക്ഷണവും തന്നാൽ കൺവെൻഷൻ നടത്തിക്കൊടുക്കാമെന്നു പറയും. കൺവെൻഷന് സ്തോത്രക്കാഴ്ച എടുക്കും. പരമാവധി പണം കിട്ടാൻ ആവശ്യമായ വർണ്ണനകളുടെ അകമ്പടിയോടെയാകും പണപ്പിരിവ്. എല്ലാം കഴിഞ്ഞ് പോകുമ്പോൾ സഭയുടെ വകയായും എന്തെങ്കിലും കിട്ടും. ഇങ്ങനെ, അടുത്ത കൺവെൻഷൻ സീസൺ ആരംഭിക്കുന്നതുവരെ വേലയിറക്കും. തിരികെ വരുമ്പോൾ ലക്ഷങ്ങളാകും പെട്ടിയിലുണ്ടാകുക. ഇതാണ് കെ.എ.ഏബ്രഹാം പറയുന്ന സുവിശേഷത്യാഗം. ഈ കൊല്ലവും വടക്കേ ഇന്ത്യയിലേക്ക് ഇത്തരമൊരു ബിസിനസ്സ് ട്രിപ്പ് നടത്തി. നല്ലൊരു തുക കിട്ടുകയും ചെയ്തു.

ഒരു തെറ്റു വന്നപ്പോൾ എല്ലാവരും ചേർന്ന് കെ.എ.ഏബ്രഹാമിനെ ഉപദ്രവിക്കയാണത്രേ. ഒരു തെറ്റോ പത്തു തെറ്റോ ആണെങ്കിൽ ക്ഷമിക്കാം. തെറ്റേ ഉള്ളൂ എന്നു വന്നാലോ? തെറ്റു തിരുത്താൻ തയ്യാറല്ലെന്ന നിലപാടെടുത്താലോ? തെറ്റു ചൂണ്ടിക്കാണിക്കുന്നവനെ ഭള്ളു പറഞ്ഞാലോ? (അങ്ങനെയൊന്നും ചെയ്തിട്ടില്ല എന്നു വാദിച്ചാൽ ഡിഫെൻഡർ നിരവധി തെളിവുകൾ നിരത്താം. തങ്ങൾക്കുണ്ടായ അനുഭവങ്ങൾ നിരവധിയാളുകൾ എഴുതി തന്നിട്ടുണ്ട്). കെ.എ.ഏബ്രഹാം വിവരക്കേടു പ്രസംഗിക്കുന്നതു നിർത്തുക. വ്യഭിചാരവും സ്വവർഗ്ഗരതിയും അവസാനിപ്പിക്കുക. പിന്നീട് ആരും പ്രശ്നമുണ്ടാക്കുകയില്ല. അതിനു പകരം കല്ലേറു കൊണ്ടു, ഷർട്ട് കീറി, തീപിടിക്കാത്ത ഭാഗം നോക്കി ആരോ വണ്ടിക്കു തീയിട്ടു എന്നൊക്കെ പറഞ്ഞ് തോന്ന്യാസങ്ങൾ ന്യായീകരിക്കരുത്.

''കേരളത്തിലെ സുവിശേഷ സ്വാതന്ത്ര്യം പോലും തകർക്കപ്പെട്ടത് ചിലരുടെ പ്രസംഗത്തിലെ വാക്കുകളും ചിലർ എഴുതിയ പുസ്തകങ്ങളും ആയിരുന്നു'' എന്ന് കെ.എ.ഏബ്രഹാം പരിതപിക്കുന്നു. എന്നാണപ്പാ കേരളത്തിലെ സുവിശേഷ സ്വാതന്ത്ര്യം തകർക്കപ്പെട്ടത്? അങ്ങനെയൊരു സംഭവമുണ്ടായതായി സുബോധമുള്ള ആരും പറയുമെന്നു തോന്നുന്നില്ല. പത്തനംതിട്ട ജില്ലയുടെ ചില ഭാഗങ്ങളിൽ 12 കൊല്ലം മുൻപ് ചില പ്രശ്നങ്ങളുണ്ടായി. പ്രജാപതിക്കെതിരെ ഞാൻ ശക്തമായ നിലപാടെടുത്തപ്പോൾ പ്രജാപതിക്കാർക്ക് ഉത്തരം മുട്ടി. എന്നെ ഭയപ്പെടുത്തി ഒതുക്കാനായി എന്റെ ചില പുസ്തകങ്ങൾ അവർ സുവിശേഷവിരോധികൾക്ക് അയച്ചുകൊടുത്തു. സ്വാഭാവികമായും പ്രശ്നമുണ്ടായി. പക്ഷേ അതിന്റെ ഫലം അനുഭവിച്ചത് ഞാൻ മാത്രമാണ്. ആ വകയിൽ മറ്റാരും പീഡിപ്പിക്കപ്പെട്ടില്ല. എന്നാൽ എനിക്കെതിരേയുള്ള കേസ്സ് അടിസ്ഥാനമില്ലാത്തതും കെട്ടിച്ചമച്ചതുമാണെന്നു കണ്ടതുകൊണ്ട് സർക്കാർ കേസ്സ് തള്ളിക്കളഞ്ഞു.

പക്ഷേ ആ ദിവസങ്ങളിൽ ക്യാപ്റ്റൻ ശാമുവൽ ഹൈന്ദവ ദേവീദേവൻമാരെ പരസ്യമായി അവഹേളിച്ചു പ്രസംഗിച്ചപ്പോൾ അടിപിടിയുണ്ടായി. അതുപോലെ പ്രേംജിത്‌ലാൽ എന്ന വ്യാജസുവിശേഷകൻ വിവരക്കേടു പറഞ്ഞതു മൂലം പ്രശ്നമുണ്ടായി. ഇതൊക്കെ പ്രാദേശിക പ്രശ്നങ്ങളായിരുന്നു. കേരളമൊട്ടുക്ക് സുവിശേഷസ്വാതന്ത്ര്യം ഇല്ലാതായ ഒരു സംഭവവും ഉണ്ടായിട്ടില്ല. കെ.എ.ഏബ്രഹാം കള്ളം പറയുകയാണ്.

തനിക്കെതിരെ ആരൊക്കെയോ ഗൂഢാലോചന നടത്തുന്നു എന്നാണ് കെ.എ.ഏബ്രഹാം ധരിച്ചു വച്ചിരിക്കുന്നത്. പക്ഷേ അത്തരമൊരു ഗൂഢാലോചനയില്ല. സ്വന്തം നിഴലിനെയാണ് ഈ ചങ്ങാതി ഭയപ്പെടുന്നത്. വായിൽ തോന്നിയ വിവരക്കേട് ദൈവവചനമെന്ന പേരിൽ വിളിച്ചു പറഞ്ഞാൽ ദൈവവചനം പഠിച്ചിട്ടുള്ളവർ ചോദ്യം ചെയ്തെന്നു വരും. അതുകേൾക്കുമ്പോൾ കലിതുള്ളിയിട്ടു കാര്യമില്ല. മൂക്കാതെ പഴുത്തതിന്റെ കുഴപ്പമാണിതൊക്കെ. താൻ വലിയ പ്രസംഗകനാണെന്നും മഹാപണ്ഡിതനാണെന്നും മറ്റുമുള്ള ധാരണ മാറ്റിവെച്ചിട്ട് കെ.എ.ഏബ്രഹാം ദൈവവചനം വസ്തുനിഷ്ഠമായി പഠിക്കണം. വിവരക്കേടു പ്രസംഗിക്കുന്നത് നിർത്തണം.



RNI No. 68089 / 97
2008 January 1

# THE DEFENDER

REGISTERED
KL/ALY/0031/2006-08

# പീടിയേക്കലിന്റെ തനിനിറം വെളിപ്പെടുന്നു

വിവരക്കേടു പറയുന്ന കാര്യത്തിൽ ഷിബു പീടിയേക്കലിനെ വെല്ലാൻ ഏറെപ്പേരില്ലെന്ന് പലരും പറഞ്ഞിരുന്നെങ്കിലും കഴിഞ്ഞ ലക്കം ഡിഫെൻഡറിൽ വന്ന വാർത്തക്കു മറുപടിയായി ഷിബു അയച്ച കത്തു കിട്ടുന്നതുവരെ കാര്യത്തിന്റെ ഗൗരവം മനസ്സിലായിരുന്നില്ല. എന്നാൽ ഈ കത്തുകണ്ടതോടെ സംശയം മാറി. ഇതാ ആ കത്ത്:

''ബാലന്,

എന്റെ കത്തിനുള്ള മറുപടി താങ്കളുടെ പ്രസിദ്ധീകരണത്തിൽ വായിച്ചു. താങ്കൾ നിരന്തരം വിമർശനവിധേയരാക്കുന്ന വ്യക്തികളേക്കുറിച്ചും വിമർശനങ്ങളേക്കുറിച്ചും എനിക്കു ചിലതു പറയാനുണ്ട്.

മത്തായിക്കുട്ടി: (ടിയാനെ ഞാൻ നേരിട്ടു കണ്ടിട്ടില്ല). പ്രകൃതിവിരുദ്ധ നടപടികളിൽ ഏർപ്പെടുന്നു എന്ന് താങ്കൾ പറയുമ്പോൾ അദ്ദേഹം ഒരു തികഞ്ഞ കൃപാവരശുശ്രൂഷകനാണെന്നു പറയുന്ന അനേകരെ ഞാൻ കണ്ടു. (അവർക്കു താങ്കൾക്കുള്ളതുപോലെ സ്വന്തം പത്രമില്ല). യേശുക്രിസ്തുവും അപ്പോസ്തലൻമാരും സ്വവർഗ്ഗസമൂഹമായിരുന്നു എന്നാണ് യൂറോപ്പിലെ സ്വവർഗ്ഗരതിക്കാരുടെ പത്രത്തിൽ നിരന്തരം എഴുതിവിടുന്നത്. അവരുടെ പത്രത്തിൽ പറയുന്നത് ദാവീദും യോനാഥാനും പൗലൂസും തിമോഥിയോസും ഒക്കെ അങ്ങനെയായിരുന്നുവെന്നാണ്. താങ്കളുടെ എഴുത്തിന്റെ രീതി കണ്ടിട്ട് വലിയ താമസമില്ലാതെ താങ്കളും അത്തരത്തിൽ ചിന്തിക്കാൻ സാദ്ധ്യതയുള്ളതായി ഞാൻ സംശയിക്കുന്നു.

കെ.എ.ഏബ്രഹാം. യുവപ്രഭാഷകരിൽ അഗ്രഗണ്യനും കാലഘട്ടത്തിന്റെ ശബ്ദവും പെന്തക്കോസ്തു സമൂഹത്തിനു ലഭിച്ച വരപ്രസാദവുമായ ആത്മീക യോദ്ധാവ്. താങ്കൾ എന്തറിഞ്ഞിട്ടാണ് അദ്ദേഹത്തെ വിമർശിക്കുന്നത്. എന്താണ് രാജ്യദ്രോഹം. ഏത് രാജ്യം. ഏത് കാലഘട്ടത്തിലെ ഇൻഡ്യയെക്കുറിച്ചാണ് താങ്കൾ പറയുന്നത്. കെ.എ.ഏബ്രഹാം പ്രസംഗിക്കുന്ന യേശുക്രിസ്തുവും രാജ്യദ്രോഹിയെന്നു മുദ്രകുത്തപ്പെട്ടയാളാണെന്ന് താങ്കൾക്കറിയാമോ? ആത്മീക വ്യാഖ്യാനങ്ങൾ പ്രാകൃതമനുഷ്യർക്കു മനസ്സിലാകണം എന്ന് നിർബ്ബന്ധമില്ല. കെ.എ.ഏബ്രഹാമിനേപ്പോലെയോ ഒരുപക്ഷേ അതിലും കൂടുതലോ വിദ്യാഭ്യാസം ലഭിച്ചിട്ടുള്ള താങ്കൾക്ക് അദ്ദേഹത്തേപ്പോലെ ശുശ്രൂഷയിൽ തിളങ്ങാൻ കഴിയാത്തതിന്റെ അസൂയകൊണ്ടാണ് ഇങ്ങനെ എഴുതിവിടുന്നത് എന്ന് ഒരാൾ പറഞ്ഞാൽ നിഷേധിക്കുവാൻ എന്തു വസ്തുതകളാണുള്ളത്. ലോകജ്ഞാനം ദൈവസന്നിധിയിൽ ഭോഷത്വം ആണ് എന്ന് മറക്കരുത്.

ടി.ജെ.ശമുവേൽ. പെന്തക്കോസ്ത് പ്രസ്ഥാനത്തിന്റെ ആധുനിക കാലഘട്ടത്തിന്റെ മഹാനായ നേതാവ്. മലയെ നോക്കി കുരയ്ക്കുന്ന നായ്ക്കുട്ടിയെയാണ് താങ്കളുടെ വിമർശനം വായിക്കുമ്പോൾ എനിക്കോർമ്മവരുന്നത്. 2020ൽ ഇൻഡ്യ ക്രൈസ്തവരാജ്യം ആകുകയില്ലെന്ന് താങ്കളോട് ആരുപറഞ്ഞു. ഏതെങ്കിലും ജാതീയദേവന്റെ ആത്മാവാണോ?



ദൈവത്തേക്കുറിച്ച് പുസ്തകത്തിൽ വായിച്ചറിഞ്ഞാൽ പോരാ ബാലാ... 2019 ഡിസംബർ 31 രാത്രി 11.50 ആയാലും പിന്നെയും പത്ത് മിനിട്ട് അവശേഷിക്കും. ദൈവത്തിനു പ്രവർത്തിക്കുവാൻ അത് തന്നെ അധികമല്ലേ? ഇതിൽ താങ്കളുടെ അഭിപ്രായം പറയണം. കാഴ്ചപ്രകാരം വിധിക്കരുത്. നീതിയുള്ള വിധി വിധിക്കണം... ഇൻഡ്യ ക്രിസ്തീയ രാജ്യം ആകുമെന്ന് കേൾക്കുമ്പോൾ താങ്കൾക്ക് ഹാലിളകേണ്ട കാര്യമെന്ത്? ചിന്തിക്കുക ... ദയവായി!!!

ടിനു ജോർജ്. ഭാരതത്തിന്റെ ഉണർവ്വിനായി കൃപാവരങ്ങളാൽ നിറച്ച് പരിശുദ്ധാത്മാവ് ഉപയോഗിക്കുന്ന അഗ്നിനാവ്. ആ സമയത്ത് മരിച്ചവർ പോലും ഉയിർത്തെഴുന്നേൽക്കുന്ന വിധത്തിലുള്ള ഒരു അഭിഷേകം അവിടെ വ്യാപരിച്ചിരിക്കണം. ഇല്ലെന്നു പറയുവാൻ എനിക്കോ താങ്കൾക്കോ കഴികയില്ല. മരിച്ചവർ ഉയിർക്കുമോ ഇല്ലയോ? എന്തു പറയുന്നു? ടിനു ജോർജിന്റെ മീറ്റിംഗിൽ രോഗികൾ സൗഖ്യമാകുന്നത് കണ്ടിട്ടുള്ളവർക്കു യാതൊരു സംശയവുമില്ല. അദ്ദേഹത്തിന്റെ ശുശ്രൂഷയിൽ ശവങ്ങൾ എഴുന്നേറ്റ് നടക്കുന്നതിനു ഇനി അധികം താമസമില്ല. അങ്ങനെ ഉയിർത്തെഴുന്നേൽക്കുന്നവരുടെ കൈവയ്പ് ശുശ്രൂഷ കിട്ടാതെ താങ്കൾ കരുതിയിരുന്നോണം.

റെയ്നാർഡ് ബോങ്കെയുടെ യോഗത്തിൽ ഒരാൾ ഉയിർത്തെഴുന്നേറ്റു എന്നു കേൾക്കുന്നു. ആന്ധ്രയിലെ കരിംനഗർ എന്ന സ്ഥലത്ത് ബിനു ഡൊമിനിക് എന്നയാളുടെ ശുശ്രൂഷ മദ്ധ്യേയും ഒരു പരേതൻ ജീവൻ പ്രാപിച്ചതായി കേൾക്കുന്നു. ഇതൊക്കെ അന്വേഷിച്ചറിയേണ്ട കാര്യങ്ങൾ തന്നെ. അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ച അനേകർ ടിനുവിന്റേയും ബിനുവിന്റേയും ഒക്കെ യോഗങ്ങളിൽ ജീവൻ പ്രാപിക്കുന്നു എന്ന യാഥാർത്ഥ്യത്തിന്റെ മുൻപിൽ കണ്ണടയ്ക്കാതെ ദൈവത്തിന്റെ ആലോചനകൾക്കു മുൻപിൽ വിനയപ്പെടാം വിധേയപ്പെടാം. ഓർക്കുക ഇത് ടിനു, ബിനു, തങ്കു തുടങ്ങിയവരുടെ കാലഘട്ടമാണ്.

ഞാൻ സായിപ്പിന്റെ സെപ്റ്റിക് ടാങ്കിൽ നിന്നും എന്തോ വിശേഷവസ്തു കണ്ടെടുത്തു എന്ന ആക്ഷേപം വളരെ രസകരമായിത്തോന്നി. താങ്കൾ യൂറോപ്പിലും അമേരിക്കയിലുമായി മൂന്നുനാലു നൂറ്റാണ്ടുകൾ സായിപ്പൻമാർ ഛർദ്ദിച്ചതും വിസർജ്ജിച്ചതുമെല്ലാം കോരിയെടുത്ത് സി.ഡി ആക്കി 1900 രൂപയ്ക്ക് വിൽക്കുന്നതായി കേട്ടു. ഹാ, കഷ്ടമേ എന്നല്ലാതെ എന്തു പറയാൻ.... താങ്കളുടെ സുവിശേഷപ്രസംഗത്തിന്റെ പരസ്യവും കണ്ടു. തോട്ടിപ്പണിക്കു പോകുന്നവൻ നെയ്യപ്പക്കച്ചവടംകൂടി നടത്താം എന്നു കരുതുന്നതുപോലെയാണ് ഇത്. ഞാൻ അടുത്ത പ്രാവശ്യം ഇൻഡ്യയിൽ വരുമ്പോൾ ഞാൻ പ്രസംഗിച്ച വിഷയത്തെ ആസ്പദമാക്കി പരസ്യസംവാദത്തിനു തയ്യാറാണെന്നും ഇതിനാൽ താങ്കളെ അറിയിച്ചുകൊള്ളുന്നു''.

ഇത്രയുമാണ് ഷിബു പീടിയേക്കൽ എഴുതിയത്. ഷിബുവിനോടു റ്റി.എസ്.ബാലൻ എന്ന ഈയുള്ളവനു പറയാനുള്ളത് ഇതാണ്: നിങ്ങളേക്കുറിച്ചു ഞാൻ അല്പമേ കേട്ടിരുന്നുള്ളൂ എന്ന് ഇപ്പോൾ മനസ്സിലായി. ഏതായാലും നിങ്ങളോടു സംവാദം നടത്താൻ കഴിയുന്ന മാനസികസ്ഥിതിയിലല്ലഞാൻ. അതുകൊണ്ട് നിങ്ങൾ പറഞ്ഞതെല്ലാം പൂർണ്ണമായി ശരിയാണെന്ന് സമ്മതിക്കുന്നു. നിങ്ങളുടെ പ്രസംഗം കേൾക്കുന്നവരെ ദൈവം രക്ഷിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. ഇത്ര വലിയ ഒരു ജ്ഞാനിയെ താങ്ങാനുള്ള കെല്പ് ഇന്ത്യക്കില്ല. അതുകൊണ്ട് ദയവായി ഇനി ഇന്ത്യയിലേക്കു വരരുത്. വന്നാൽ പ്രസംഗിക്കരുത്, പ്ലീസ്.........

## വീട്ടിൽ ഒരു ബൈബിൾസ്ക്കൂൾ

വീട്ടിലിരുന്ന്, പരസഹായം കൂടാതെ, ദൈവവചനം പഠിക്കാൻ സഹായകമായ എം.പി.3 ഓഡിയോ സീഡികൾ. കമ്പ്യൂട്ടറിലും വി.സി.ഡി./ഡി.വി.ഡി പ്ലെയറിലും ഉപയോഗിക്കാം. ഒരു സി.ഡിയിൽ 10 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. 10 സി.ഡികളിലായി 100 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. വില: 900 രൂപ.

**വിഷയവിവരം:**

സി.ഡി.–1: അടിസ്ഥാന വേദോപദേശങ്ങൾ (രക്ഷ, സ്നാനം, പരിശുദ്ധാത്മസ്നാനം, വേർപാട്, കൂട്ടായ്മ, തിരുവത്താഴം, പ്രാർത്ഥന, വിശ്വാസജീവിതം തുടങ്ങിയവ).
സി.ഡി.–2: കൾട്ടുകൾ (കൾട്ടിന്റെ ലക്ഷണങ്ങൾ, യഹോവാസാക്ഷികൾ, ശാബതുകാർ, ബ്രൻഹാമിസം, റ്റി.പി.എം, മൊർമോൺ, ആത്മാവ്, നരകം, ത്രിത്വം.....).
സി.ഡി.–3: ആത്മലോകം (അദൃശ്യലോകം, കൃപാവരങ്ങൾ, ആത്മവിവശത, ദൈവദൂതൻമാർ, സാത്താന്യ തന്ത്രങ്ങൾ, ഭൂതബാധ, ഒക്കൾട്ട്, വഞ്ചിക്കുന്ന പിശാച്).
സി.ഡി.–4: ദുരുപദേശങ്ങൾ (ഉപദേശവും ദുരുപദേശവും, സ്വർഗ്ഗരാജ്യം, പൗരോഹിത്യം, കൂദാശകൾ, കന്യാമറിയം, വിശുദ്ധൻമാർ, സെന്റ് തോമസ്, പെരുന്നാളുകൾ).
സി.ഡി.5: ലോക മതങ്ങൾ (മതങ്ങളുടെ ഉത്ഭവം, ഹിന്ദുമതം, പ്രജാപതിപ്രശ്നം, ഇസ്ലാംമതം, ബുദ്ധമതം, ജൈനമതം, സിക്ക് മതം, സൊരവാസ്ട്രിയൻ മതം.....).
സി.ഡി.–6: വ്യാഖ്യാനശാസ്ത്രം (പഴയനിയമവ്യാഖ്യാനം, പുതിയനിയമവ്യാഖ്യാനം).
സി.ഡി.–7: ഭാവികാലശാസ്ത്രം (ഭാവികാലവും ബൈബിളും, മരണാനന്തരജീവിതം, യേശുവിന്റെ മടങ്ങിവരവ്, 70 ആഴ്ചവട്ടം, വെളിപ്പാടുപുസ്തകം, ന്യായവിധികൾ).
സി.ഡി.–8: ബൈബിളിൽ തെറ്റുണ്ടോ? (ബൈബിളിൽ തെറ്റുണ്ടെന്നു വാദിക്കുന്നവർ ഉന്നയിക്കുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.–9: ദൈവശാസ്ത്രപരമായ സംശയങ്ങൾ (ദൈവശാസ്ത്രവുമായി ബന്ധപ്പെട്ടുണ്ടാകുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.–10: ധാർമ്മിക പ്രശ്നങ്ങൾ (ആത്മാവിന്റെ പ്രമാണം, വൈവാഹിക പ്രശ്നങ്ങൾ, കുടുംബജീവിതം, മദ്യവും മയക്കുമരുന്നും, ആഭരണപ്രശ്നം തുടങ്ങിയവ).

## നിങ്ങൾക്കും പ്രസംഗകനാകാം

പുതിയനിയമത്തിൽ നിന്ന് 100 പ്രസംഗങ്ങളാണ് ഈ സി.ഡികളിൽ ഉള്ളത്. എം.പി.3 ഫോർമാറ്റിൽ 10 സി.ഡികൾ. ദൈവവചനത്തെ ദുർവ്യാഖ്യാനം ചെയ്യുന്നത് ഒഴിവാക്കുന്നതിനും വസ്തുനിഷ്ഠമായി ദൈവവചനം പ്രസംഗിക്കുന്നതിനും സഹായകം. ദൈവവചനം പ്രസംഗിക്കുന്നവർക്കുവേണ്ടി തയ്യാറാക്കിയത്. വില: 900 രൂപ.
സി.ഡി.–1: പുതിയനിയമം, പ്രോഗ്രസ് റിപ്പോർട്ട്, അജ്ഞാതദേവൻ, പ്രാകൃതമനുഷ്യൻ, എല്ലാം നൻമക്കായി, നിർമ്മല കന്യക, അധർമ്മത്തിന്റെ മർമ്മം, പരിശോധന, ഇവയിലധികമായി, നല്ല ശമര്യാക്കാരൻ.... തുടങ്ങിയവ.
സി.ഡി.–2: സ്നാപകൻ, കള്ളൻമാരുടെ ഗുഹ, മറുരൂപമലയിൽ, ധനവാനും ലാസറും, വചനംജഡമായി, ജീവജലം, സാക്ഷികൾ, എലീമാസ്, ചെന്നായ്ക്കൾ, സുവിശേഷം.
സി.ഡി.–3: നസ്രായൻ, നഷ്ടപ്പെട്ടവ, കാനായിൽ, വേലക്കാർ, ഓഡിനേഷൻ, വിപ്ലവം, പത്തുകന്യകമാർ, സത്യസുവിശേഷം, ന്യായവിധി, സാത്താന്റെ ദൂതൻ.
സി.ഡി.–4: ആത്മീയയുദ്ധം, വേർപാട്, ഓട്ടക്കളത്തിൽ, ഏക മദ്ധ്യസ്ഥൻ, ദുരുപദേശം, ഒനേസിമൊസ്, ഏകലക്ഷ്യം, മരിച്ചവരോടും, പ്രതിരോധം, വ്യാജൻമാർ.
സി.ഡി.–5: ദുരുപദേശക്കാർ, ദൈവമക്കൾ, ദുഷ്ടഹൃദയം, അടിസ്ഥാനം, ശുശ്രൂഷകർ, ഇണയല്ലാപ്പിണ, ശുദ്ധവും അശുദ്ധവും, പിതൃദേശം, ദൃഷ്ടാന്തങ്ങൾ, നല്ല ഇടയൻ.
സി.ഡി.–6: വെളിച്ചം, അത്ഭുതവിടുതൽ, ബലവാൻ, തൈലാഭിഷേകം, അടയാളങ്ങൾ, ദൈവംനട്ടത്, പൂർണ്ണസുവിശേഷം, ദേഹിയും ആത്മാവും, ശരിയായ സ്നാനം......
സി.ഡി.–7: പോരാട്ടം, യേശു ആര്?, സഭയെന്ന ദൈവാലയം, പാതാള ഗോപുരങ്ങൾ, സ്വർഗ്ഗരാജ്യം, ഇടർച്ചക്കാരൻ, പിൻമാറ്റം, മൂപ്പൻമാർ, തിരുവചനം, സൈമണി.
സി.ഡി.–8: മുന്തിരിവള്ളി, തിൻമയ്ക്കെതിരേ, നിത്യജീവൻ, അയയ്ക്കപ്പെട്ടവർ, എഴുന്നേറ്റുനടക്ക, പുനരുത്ഥാനം, നിത്യ പൗരോഹിത്യം, വീണ്ടുംജനനം......
സി.ഡി.–9: സത്യനമസ്ക്കാരം, ഉപവാസം, പാപം ചെയ്യാത്തവർ, കരുണയിൽ, തെറ്റിയൊഴിയുമോ, കുരുടൻമാർ, ശുശ്രൂഷകർ, മൂന്നു പരീക്ഷകൾ, തലീഥ കുമി....
സി.ഡി.–10: മാനസാന്തരപ്പെടുക, മരണപര്യന്തം, സാത്താന്റെ സിംഹാസനം, എല്ലാം കാണുന്നവൻ, ഉണരുക, തുറന്ന വാതിൽ, വാതിൽക്കൽ, ദൈവം മനുഷ്യരോടൊപ്പം.

വില: (ഇന്ത്യയിൽ) 10 സി.ഡികളുടെ സെറ്റ് - 900 രൂപ. രണ്ടു സെറ്റുകളും ചേർത്ത്-1800 രൂപ. പോസ്റ്റേജ് സൗജന്യം. വിദേശ രാജ്യങ്ങളിലേക്ക് സി.ഡികൾ സ്പീഡ് പോസ്റ്റിൽ അയയ്ക്കുന്നതാണ്. ഏതെങ്കിലും ഒരു സെറ്റ് - US$ 50 or Rs.2000/-. രണ്ടു സെറ്റുകളും ചേർത്ത്- US$ 100 or Rs.4000/-. പോസ്റ്റേജ് സൗജന്യം. യു.എ.ഇ., സൗദി എന്നീ ഗൾഫ് രാജ്യങ്ങളിൽ സി.ഡി നേരിട്ട് എത്തിച്ചുകൊടുക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് tsbalan@yahoo.com എന്ന ഈമെയിലിൽ ബന്ധപ്പെടുക. ബഹ്റിൻ: ബ്രദർ ആൻഡ്രൂസ്: Ph-39892236. മറ്റ് ഗൾഫ് രാജ്യങ്ങളിലുള്ളവർ വിലയും ഇന്ത്യയിലെ അഡ്രസ്സും അയയ്ക്കുക.
വില T.S.Balan എന്ന പേരിൽ ചെക്ക്/ഡി.ഡി./മണിയോഡർ ആയി താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക.
പ്രത്യേക ശ്രദ്ധക്ക്: ഡിഫെൻഡറിന്റെ പേരിൽ ചെക്ക്/ഡി.ഡി അയയ്ക്കരുത്. ഡിഫെൻഡർ എന്ന പേരിൽ അക്കൗണ്ടില്ല.

**Address: T.S.Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist. Pin. 683 542**

Printed, Published and Owned by Anish Balan, Anand Bhavan, Perumbavoor P.O., Printed at: Perumbavoor Printers. Published at Anand Bhavan Perumbavoor. Editor: Anish Balan